നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# ശകുനം മുടക്കാൻ മൂക്കുമുറിക്കൽ



തങ്ങളെ പട്ടികവർഗ്ഗത്തിൽ പെടുത്തണമെന്നാവശ്യപ്പെട്ടു സമരം നടത്തി വരുന്ന രാജസ്ഥാനിലെ ഗുജ്ജാറുകൾ റെയിൽവെ ലൈൻ തകർക്കുന്നു.

135

ജൂലൈ 2008

# ധന പ്രതിനിധികൾ

**ഈ**യിടെ നടന്ന കർണ്ണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ മൽസരിച്ചു ജയിച്ചവരിൽ അധികം പേരും ജനപ്രതിനിധി എന്ന വിശേഷണത്തേക്കാൾ ധന പ്രതിനിധി എന്ന വിശേഷണത്തിന്നാണ് അർഹമായിരിക്കുക.

തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നവർ തങ്ങളുടേയും അടുത്ത ബന്ധുക്കളുടേയും സ്വത്തുവിവരവും ക്രിമിനൽ നടപടികൾക്ക് വിധേയമായിട്ടുണ്ടെങ്കിൽ ആ വിവരവും ഉൾപ്പെടുന്ന ഒരു സത്യവാങ്മൂലം നോമിമേഷൻ പേപ്പറിനോടൊപ്പം സമർപ്പിക്കണമെന്ന് സുപ്രീംകോടതി 2003 ൽ കല്പിച്ചിരുന്നു.

ഇതനുസരിച്ച് കർണാടക നിയമസഭാ തിരഞ്ഞെടുപ്പു വേളയിൽ സമർപ്പിക്കപ്പെട്ട സത്യവാങ്മൂലങ്ങളിലൂടെ ഒന്നു കണ്ണോടിച്ചാൽ ആരും അത്ഭുതപ്പെട്ടുപോകും.

മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ബി.ജെ.പി. നേതാവായ യെഡ്യൂരപ്പയുടെ സത്യവാങ്മൂലപ്രകാരം അദ്ദേഹത്തിന്ന് 182 ലക്ഷം രൂപയുടെ സ്വത്തേയുള്ളൂ. 32 ലക്ഷം രൂപ വിലവരുന്ന 27 ഏക്കർ ഭൂമി 105 ലക്ഷം വിലവരുന്ന രണ്ടുകാറ് 22 ലക്ഷം രൂപയുടെ സ്വർണ്ണാഭരണങ്ങൾ എട്ടുലക്ഷത്തിന്റെ ബാങ്ക് ഡപ്പോസിറ്റ് തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ സ്വത്തുക്കൾ. യഡ്യൂരപ്പക്ക് രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടെങ്കിലും അവരുടെ സ്വത്തുവിവരമൊന്നും സ്ത്യവാങ്മൂലത്തിലില്ല.

ഈ കണക്കൊന്നും മുഖവിലക്കെടുക്കാനാവില്ല. ഒരു ഉദാഹരണം. യെഡ്യൂരപ്പയുടെ നാലുവീടുകളിലൊന്നായ ധവളഗിരി ബാംഗ്ലൂരിലാണ്. അവിടെ ചതുരശ്ര അടിക്ക് 8000 രൂപയാണ് ഭൂമിയുടെ വില. അതനുസരിച്ച് ഈ വീടിരിക്കുന്ന ഭൂമിക്കുതന്നെ മൂന്നേകാൽ കോടി രൂപ വില വരും; കെട്ടിടത്തിന്ന് വേറെ. പക്ഷെ സത്യവാങ്മൂലത്തിൽ ഇതിന്ന് 92 ലക്ഷം രൂപയാണ് വില കാണിച്ചിരിക്കുന്നത്.

നോമിനേഷനോടൊപ്പം സമർപ്പിക്കപ്പെട്ട സത്യവാങ്മൂലപ്രകാരം മുൻ മുഖ്യമന്ത്രി കുമാരസ്വാമിക്ക് 49.72 കോടി രൂപയുടെ സ്വത്തുണ്ട്. പുതിയ ബി.ജെ.പി. മന്ത്രിസഭയിലെ അംഗമായ അശോകിന്ന് പത്തുകോടിയുടെ സ്വത്തുണ്ട്. ബൊമ്മനഹല്ലിയിലെ ബി.ജെ.പി. സ്ഥാനാർത്ഥി പ്രസാദ് റെഡ്ഡിയുടെ സത്യവാങ്മൂലപ്രകാരം അദ്ദേഹത്തിന്റെ സ്വത്ത് 313 കോടിയാണ്. അതേ സീറ്റിൽ മത്സരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി കുപേന്ദ്ര റെഡ്ഡിയുടെ സ്വത്ത് 180 കോടിയുടേതാണ്. ❑

ജനനീതി

ജൂലൈ 2008

**135**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# പോലീസിന്ന് സംശയം തോന്നിയാൽ എന്തുചെയ്യും?

കേരള പോലീസ് ആക്ട് പരിഷ്ക്കരിക്കുന്നതിന്നുള്ള ചില നിർദ്ദേശങ്ങൾ ഗവർമ്മേണ്ട് ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. നിലവിലുള്ള നിയമത്തിലെ ചില വകുപ്പുകൾ ഉപേക്ഷിക്കുകയും നൂറോളം പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്യാനാണ് പ്ലാൻ. എന്നാൽ ഗവർമ്മേണ്ടിന്റെ സമീപനരീതിയിൽ എന്തെങ്കിലും മാറ്റം വരുന്നതിന്റെ ലക്ഷണമൊന്നും ഇതിൽ കാണുന്നില്ല.

ബ്രിട്ടീഷുകാർക്കും അവരുടെ ദാസന്മാരായ മഹാരാജാക്കന്മാർക്കും സുഖമായി ഭരിക്കാൻ സൗകര്യപ്പെടുന്നതിന്നുള്ള കരുക്കളായിട്ടാണ് പോലീസ് ഇവിടെ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ജനസേവനമല്ല, ജനദ്രോഹമാണ് അതിന്റെ മുഖമുദ്ര. ബ്രിട്ടനിൽ പോലീസ് ജനങ്ങളുടെ മിത്രങ്ങളാണെങ്കിൽ ഇന്ത്യയിലെ പോലീസ് ജനങ്ങളുടെ ശത്രുക്കളാണ്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ടും പോലീസിനോടുള്ള ഈ സമീപനരീതിയിൽ മാറ്റം വന്നില്ല. ഇന്ത്യയിലെ പുതിയ ഭരണാധികാരികളും പോലീസിനെ ചോറ്റുപട്ടാളത്തെയെന്നപോലെയാണ് ഉപയോഗിച്ചുവരുന്നത്. ഈ സമീപനരീതിയിൽ മാറ്റം വരാത്തിടത്തോളംകാലം പോലീസ് ആക്ട് ഒരു കരിനിയമമായി അവശേഷിക്കുകതന്നെ ചെയ്യും.

ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് അനുവർത്തിക്കേണ്ട നടപടി ക്രമം സുപ്രീം കോടതി പത്തുകൊല്ലം മുമ്പുതന്നെ നിശ്ചയിച്ചിരുന്നു. വാസ്തവത്തിൽ കോടതിയല്ല അതു നിശ്ചയിക്കേണ്ടിയിരുന്നത്; ജനകീയ മന്ത്രിമാർ ജനക്ഷേമത്തിനുവേണ്ടി നിശ്ചയിക്കേണ്ട നടപടി ക്രമമായിരുന്നു അത്. പക്ഷെ

ഇവിടെ ഒരു മന്ത്രിക്കും അത് തോന്നിയില്ലെന്നല്ല, പോലീസ് നിയമത്തിൽ അത് ഉൾപ്പെടുത്തേണ്ട തുണ്ടെന്ന് ഇതുവരെ അവർക്ക് തോന്നുകപോലും ഉണ്ടായില്ല. ഇക്കാര്യത്തിൽ ഇടതെന്നോ വലതെന്നോ നടുവെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. അധികാരത്തിൽ വരുന്നവർക്കെല്ലാം ഭരിക്കാൻ ഒരു ചോറ്റുപട്ടാളം കൂടിയേതീരൂ - ഓരോ സാൽവ ജൂഡും!

അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമമാണ് സുപ്രീം കോടതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അറസ്റ്റ് ചെയ്യാതെതന്നെ ഒരാളെ പിടിച്ചുകൊണ്ടു പോയാലോ? ഒരാൾ നിയമം ലംഘിച്ചുവെന്നോ നിയമം ലംഘിക്കുമെന്നോ പോലീസിന്നു തോന്നിയാൽ അയാളെ പിടികൂടി കസ്റ്റഡിയിൽ വയ്ക്കാൻ പോലീസിന്ന് അധികാരമുണ്ട്. ഈ അധികാരമാണ് വ്യാപകമായി ദുരുപയോഗപ്പെടുത്തിവരുന്നത്. പൗരസ്വാതന്ത്ര്യം, മനുഷ്യാവകാശം എന്നിവയൊന്നും പോലീസിന്ന് ഒരു പ്രശ്നമേയല്ല.

ഇത് കേരളത്തിലെ മാത്രം കഥയല്ല. ഇന്ത്യയിലെല്ലായിടത്തും ഇത് തന്നെയാണ് സ്ഥിതി. ഈയിടെ രാജസ്ഥാനിൽ ഒരു എഞ്ചിനീയറെ പോലീസ് പിടികൂടി. "സിമി" എന്ന നിരോധിക്കപ്പെട്ട സംഘടനയുമായി ബന്ധമുണ്ടെന്ന സംശയത്തിന്മേലാണ് അയാളെ പോലീസ് പിടിച്ചുകൊണ്ടു പോയത്. ഒമ്പത് ദിവസം തടങ്കലിൽവച്ച് ചോദ്യം ചെയ്തശേഷം വിട്ടയക്കുകയും ചെയ്തു. പത്രങ്ങളായ പത്രങ്ങളെല്ലാം ആ "ഭീകര"ന്റെ കഥകൾ ഒരാഴ്ചക്കാലം ആഘോഷമായി പ്രസിദ്ധീകരിച്ചു. ഇതുപോലെയുള്ള എത്രയോ സംഭവങ്ങൾ ഇന്ത്യയിലുടനീളം ദിവസേനയെന്നോണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നിട്ടും ആരും ഒന്നും മിണ്ടുന്നില്ലെന്നത് അത്ഭുതമല്ലെ? സ്വന്തം തടിക്ക് കേടുപറ്റാത്തിടത്തോളംകാലം എന്തുമായിക്കൊള്ളട്ടെ എന്ന ഈ മനോഭാവമാണ് പോലീസ് രാജിന്ന് വഴിയൊരുക്കുന്നത്.

പോലീസിന്ന് ഒരാളെക്കുറിച്ച് സംശയം തോന്നിയെന്നത് അയാളുടെ പൗരസ്വാതന്ത്ര്യത്തേയും മനുഷ്യാവകാശത്തേയും ഹനിക്കാൻ മതിയായ കാരണമാകുന്നില്ല. ഒരാളുടെ പ്രവൃത്തിയിലോ ഒരാളെക്കുറിച്ചുള്ള കേട്ടുകേൾവിയിലോ പോലീസിന്ന് സംശയകരമായി വല്ലതും തോന്നിയാൽ, അയാളെ നിരീക്ഷണത്തിന്ന് വിധേയമാക്കുകയാണ് പാശ്ചാത്യജനാധിപത്യ രാജ്യങ്ങളിൽ ചെയ്തുവരുന്നത്. (പ്രസിഡണ്ട് ബുഷിന്ന് അതിന്നു ക്ഷമയില്ലാത്തതുകൊണ്ടാണ്, ഭീകരന്മാരെന്നു സംശയിക്കുന്നവരെയെല്ലാം ക്യൂബയിലെ അമേരിക്കൻ പട്ടാള താവളത്തിൽ കൊണ്ടുപോയി തള്ളുന്നത്. അമേരിക്കയിൽ അങ്ങനെ ഒരാളെ കസ്റ്റഡിയിൽ വയ്ക്കാനാവില്ല.)

മനുഷ്യാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യത്തിന്നും വില കല്പിക്കുന്ന ഭരണകൂടങ്ങളുള്ള നാടുകളിൽ മാത്രമേ ജനാധിപത്യം വളരുകയുള്ളൂ. പോലീസ് നിയമം പരിഷ്ക്കരിക്കുന്നതു നല്ലതുതന്നെ. പക്ഷെ അത് നമ്മെ എങ്ങും എത്തിക്കാൻ പോകുന്നില്ല. ഇവിടെ വേണ്ടത്ര പോലീസില്ല എന്ന മൗലിക പ്രശ്നത്തിൽനിന്നുവേണം പരിഷ്ക്കാരങ്ങൾ ആരംഭിക്കാൻ. ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നീ അടിസ്ഥാനപരമായ ജോലികൾ നിർവ്വഹിക്കുന്നതിന്ന് ശാസ്ത്രീയമായ പരിശീലനം നല്കാൻ ഇവിടെ ഒരു സംവിധാനവുമില്ല. കാരക്കോലിന്നു വഴങ്ങാത്ത ഒരാനയുമില്ല എന്ന ഇന്നത്തെ ചിന്താഗതി മാറണം. പുതിയ പോലീസ് നിയമം പാസാക്കുന്നതിന്നു മുമ്പ്, പാശ്ചാത്യ രാജ്യങ്ങളിലെ പോലീസ് സംവിധാനത്തെപ്പറ്റി ഒരു പഠനം നടത്തുന്നത് നന്നായിരിക്കും.

❑

# നന്ദിഗ്രാമിൽ നടന്നത്

- രഘു കർണാഡ് -

(മേയ് ആദ്യത്തിൽ ബംഗാളിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടന്ന അവസരത്തിൽ നന്ദിഗ്രാമിൽ പര്യടനം നടത്തിയ തെഹൽക ലേഖകന്റെ ദൃക്സാക്ഷി വിവരണമാണിത്.)



നന്ദിഗ്രാമിലെ ഗാരുപാറയിൽ സി.ആർ.പി.ക്കാരെ ലോക്കൽ പോലീസ് നേരിട്ടപ്പോൾ

**പ**ഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ തലേന്ന് നന്ദിഗ്രാമിൽ എത്തിയപ്പോൾ ഒരു പൊതു തിരഞ്ഞെടുപ്പു നടക്കുന്നതുപോലെ തോന്നി. അവിടം ഒരു യുദ്ധമേഖല പോലെ കാണപ്പെട്ടു. സാധാരണയായി ഒരു പഞ്ചായത്ത് തിരഞ്ഞെടുപ്പ് പ്രത്യേകിച്ചൊരു ആവേശവും ഉണ്ടാക്കാറില്ല എന്നാൽ ഇവിടത്തെ അന്തരീക്ഷം സംഘർഷ നിർഭരമാണ്.

ഏപ്രിലിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റ തിയ്യതി പ്രഖ്യാപിച്ചതോടെ നന്ദിഗ്രാമിൽ വീണ്ടും അക്രമം അഴിഞ്ഞാട്ടം ആരംഭിച്ചു. മേയ് 11 ലെ ഒന്നാംഘട്ട പോളിങ്ങിന്ന് ഒരാഴ്ചമുമ്പ് മാർക്സിസ്റ്റ് പ്രവർത്തകർ മാലതി ജേന എന്നൊരു സ്ത്രീയെ പിടികൂടി നഗ്നയാക്കി മാർക്സിസ്റ്റ് റാലിയിൽ നടത്തിച്ചു. ഞങ്ങൾ നന്ദിഗ്രാമിൽ എത്തിയ ദിവസം വെടിയേറ്റ പരിക്കുകളോടെ മൂന്നുപേരെ ആസ്പത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. നന്ദിഗ്രാം ആസ്പത്രിയിൽ ഒരു തൃണമൂൽ സ്ഥാനാർത്ഥിയുടെ രണ്ടു സഹോദരൻമാരെ മർദ്ദനത്തിൽ പരിക്കേറ്റ നിലയിലും കണ്ടു. നൂറുകണക്കിന്നാളുകൾ വീട്ടിൽ കയറാതെ പട്ടണങ്ങളിൽ ചുറ്റികറങ്ങുകയാണെന്നു കേട്ടു. ബലാത്സംഗം, കയ്യേറ്റം, കുടിയിറക്കൽ തുടങ്ങിയവയുടെ വിശ്വസനീയമായ വിവരങ്ങൾ കിട്ടാൻ മാർഗ്ഗമൊന്നുമില്ലായിരുന്നു.

ജനങ്ങൾ തീർത്തും നിരാശരായി കഴിയുന്നതിന്നിടയിൽ മേയ് 9ന്ന് നല്ലൊരു വാർത്ത എത്തി. സി.ആർ.പി.യുടെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലായ ആലോക് രാജ് രണ്ടു കമ്പനി ഭടന്മാരുമായി നന്ദിഗ്രാമിൽ എത്തുന്നു എന്നായിരുന്നു അത്. കഴിഞ്ഞ നവമ്പറിൽ മാർക്സിസ്റ്റ് പ്രവർത്തകർ നന്ദിഗ്രാമിൽ അക്രമം അഴിച്ചുവിട്ടപ്പോൾ അതിനെ അടിച്ചമർത്തിയ ആളാണ് ആലോക് രാജ്. നന്ദിഗ്രാമിലെ ജനങ്ങൾക്ക് അദ്ദേഹം ഒരു വീരപുരുഷനാണ്. ആലോക് രാജ് എത്തുന്ന വിവരം മൊബൈൽഫോൺവഴി നാട്ടിലെങ്ങും പ്രചരിപ്പിച്ചു.

മേയ് 10ന്ന് ആലോക് രാജ് നന്ദിഗ്രാമിൽ എത്തുമ്പോൾ അന്തരീക്ഷം സംഘർഷ നിർഭരമായിരുന്നു. മാർക്സിസ്റ്റുകാർ തല്ലിയോടിച്ചിരുന്നവരെയെല്ലാം അവരവരുടെ വീടുകളിൽ എത്തിച്ചു. നന്ദിഗ്രാമിന്റെ അതിർത്തികൾ അടച്ചു. ആലോക് രാജിന്റെ ആദ്യത്തെ നടപടികളിലൊന്ന് ആസ്പത്രിയിൽ ചെന്ന് ബലാത്സംഗത്തിന്നിരയായവരെ സമാശ്വസിപ്പിക്കുകയായിരുന്നു.

പിന്നീടദ്ദേഹം സ്വന്തം മൊബൈൽഫോണിന്റെ നമ്പർ പത്രപ്രവർത്തകർക്കും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കും നിരീക്ഷകന്മാർക്കും നൽകി.

എന്നാൽ ലോക്കൽ പോലീസിന്റെ മേധാവിമാരാരും ആ വഴിക്ക് തിരിഞ്ഞു നോക്കിയില്ല. അവർക്ക് ആലോക് ചതുർത്ഥിയായിരുന്നു. 2003ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നന്ദിഗ്രാം ഒന്നാം ബ്ലോക്കിലെ പത്തു ഗ്രാമപഞ്ചായത്തുകളിൽ ഏഴും ഇടതുമുന്നണി നേടിയിരുന്നു. അതുപോലെ ബ്ലോക്ക് പഞ്ചായത്തിലെ 23 സീറ്റിൽ 20 സീറ്റും ഇടതുമുന്നണിനേടിയിരുന്നു. ജില്ലാപരിഷത്തിലെ രണ്ടുസീറ്റും ഇടതുമുന്നണിതന്നെ നേടിയിരുന്നു. ചുരുക്കത്തിൽ ഇടതുമുന്നണിയുടെ നെടുംകോട്ടയായിരുന്നു നന്ദിഗ്രാം. "തിരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കുമ്പോൾ നിങ്ങൾക്ക് കാണാം. നന്ദിഗ്രാമിലെ ജനങ്ങൾ ഇടതുമുന്നണിയെയാണോ പിന്താങ്ങുന്നത് അതോ ഒരു പറ്റം കൂളന്മാരെയാണോ എന്ന്" എന്നാണ് മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി ബിമൻ ബസു പറഞ്ഞത്.

(മേയ് 21ന്ന് ഫലം പ്രഖ്യാപിച്ചപ്പോൾ ഇടതുമുന്നണി പാടെ തകർന്നതായിട്ടാണ് ലോകം കണ്ടത്. "ഞങ്ങളോടൊപ്പം നിൽക്കുന്നവരെന്നു കരുതിയിരുന്നവർ ഞങ്ങൾക്കെതിരായി വോട്ടുചെയ്തു. ഇവരെ വീട്ടിലേക്ക് തിരിച്ചു വരാൻ സഹായിച്ചത് ഞങ്ങളാണ്; പക്ഷെ അവർ ഞങ്ങൾക്കെതിരെ വോട്ടുചെയ്തു. എന്തുകൊണ്ടിങ്ങനെ സംഭവിച്ചുവെന്നറിയില്ല" എന്നാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാസെക്രട്ടറിയറ്റ് മെമ്പറും നന്ദിഗ്രാം തിരിച്ചുപിടിക്കുന്നതിന്ന് നേതൃത്വം നൽകിയ ആളുമായ അശോക് ഗുരിയ പറഞ്ഞത്.)

* * *

മേയ്11, രാവിലെ 7ന്ന് പോളിങ്ങ് ആരംഭിക്കുന്നു തലേന്നു രാത്രി ചിലേടത്ത് ബോംബ് സ്ഫോടനമുണ്ടായതായി വാർത്ത പരന്നുവെങ്കിലും സി.ആർ.പി. ക്കാർ (ആകെ 370 പേർ) നന്ദിഗ്രാമിൽ കാവലിന്ന് നിയോഗിക്കപ്പെട്ടിട്ടുണ്ട്. അതിലൊരു കമ്പനി വനിതാപോലീസായിരുന്നു. പതിനാല് വണ്ടികൾ പട്രോളിങ് നടത്തുന്നുണ്ട്. ഓരോ പോളിങ് സ്റ്റേഷനിലും സി.ആർ.പി. ക്കാർ ഡ്യൂട്ടിയിലുണ്ട്. ഇവരെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ആലോക് രാജ് രംഗത്തുണ്ട്.

ഉച്ചക്ക് 11ന്ന് ഞങ്ങൾ ആലോകിനെ സന്ദർശിച്ചു. എല്ലാം ഭദ്രമാണെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങളങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ ആലോക് രാജിന് ഒരു സന്ദേശം കിട്ടി. ആലോക് രാജ് തങ്ങളെ മാനഭംഗപ്പെടുത്തിയ

തായി ആരോപിച്ചുകൊണ്ട് മാർക്സിസ്റ്റുകാരായ രണ്ടു സ്ത്രീകൾ FIR രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്നായിരുന്നു സന്ദേശം.

അല്പം കഴിഞ്ഞപ്പോൾ ആലോകിന്ന് വീണ്ടും ഫോൺ. നന്ദിഗ്രാമിന്നടുത്തുള്ള ഹാൽഡിയയിലെ മാർക്സിസ്റ്റ് എം.പി.യായ ലക്ഷ്മൺ സേട്ടാണ് വിളിക്കുന്നത്. (പ്രബലനും ഭീകരനുമാണിദ്ദേഹം. നന്ദിഗ്രാം അക്വയർ ചെയ്യുമെന്ന് ആദ്യം പ്രഖ്യാപിച്ചതും പിന്നീടുണ്ടായ സകല അക്രമങ്ങൾക്കും ഇടയാക്കിയതും ഇദ്ദേഹമാണ്.) സേട്ടാണ് വിളിക്കുന്നതെന്നറിഞ്ഞപ്പോൾ ആലോക് രാജ് സ്പീക്കർ ഫോൺ ഓൺ ചെയ്തു. (അടുത്തുനിൽക്കുന്നവർക്കെല്ലാം സംഭാഷണം കേൾക്കാൻ സഹായിക്കുന്ന ഉപകരണമാണ് സ്പീക്കർഫോൺ.) ആലോക് രാജിന്റെ ഈ നടപടി ഒരനുഗ്രഹവും ഭാഗ്യവുമായി. കാരണം നേരിട്ടുകേട്ടിട്ടില്ലായിരുന്നുവെങ്കിൽ വിശ്വസിക്കാൻ സാധിക്കാത്ത കാര്യങ്ങളാണ് സേട്ട് പറഞ്ഞത്.

ലോക്കൽ പോലീസിന്റെ അകമ്പടിയില്ലാതെ ആലോക് രാജ് പട്രോളിങ്ങ് നടത്തുന്നുവെന്നതായിരുന്നു സേട്ടിന്റ ഒന്നാമത്തെ ആക്ഷേപം. തദ്ദേശ ഭരണകൂടത്തിന്റെ നിയന്ത്രണത്തിന്നതീതമായി പ്രവർത്തിക്കുന്നുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ലോക്കൽ പോലീസും ഒരു മജിസ്ട്രേട്ടും തന്റെ കൂടെയുണ്ടെന്ന് ആലോക് രാജ് മറുപടി നൽകി. നിങ്ങൾ നിങ്ങളുടെ ക്യാമ്പിലിരിക്കണം എന്നായി സേട്ട്. സർ നിങ്ങൾക്കെന്നെ ക്യാമ്പിൽ പിടിച്ചിരുത്താനാവില്ല. ഈ സംഭാഷണം റെക്കോർഡ് ചെയ്യുന്നുണ്ടെന്ന് ഓർക്കണം . എന്ന് രാജ് മറുപടി നൽകി. ഞാനാണിത് പറയുന്നത്. ഇത് ഗവർമ്മേണ്ടിന്റെ നയമാണ്. എന്ന് സേട്ട് ശുണ്ഠിയെടുക്കുന്നു. അതോടെ ആലോക് രാജ് ഫോൺ ഓഫ് ചെയ്തു.

"നന്ദിഗ്രാമിൽ പട്രോളിങ് നടത്തലാണ് തങ്ങളുടെ പ്രാഥമിക ചുമതലയെന്ന് രാജ് പറഞ്ഞു. സായുധരായ കുഴപ്പക്കാർ അലഞ്ഞുനടക്കുന്നുണ്ടെന്നും പക്ഷെ തങ്ങളെ വെല്ലുവിളിക്കാൻ അവർ ധൈര്യപ്പെടില്ലെന്നും പട്രോളിങ് തടയാൻ എം.പി. ശ്രമിക്കുന്നത് അതുകൊണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

താൻ മാനഭംഗപ്പെടുത്തി എന്ന ആരോപണം, തന്നെ നിർവീര്യമാക്കാനാകണമെന്ന് രാജ് കരുതുന്നു. ഞാനിന്നലെ ആസ്പത്രിയിൽ പോയിരുന്നു. ബലാത്സംഗം ചെയ്യപ്പെട്ട് അവശരായി കിടക്കുന്ന ഒട്ടേറെ സ്ത്രീകളെ കണ്ടു. പക്ഷെ പ്രതികൾക്കെതിരെ കേസെടുക്കാൻ പോലീസ് കൂട്ടാക്കിയിട്ടില്ല. പരാതി സ്വീകരിക്കാത്ത പോലീസ് കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യുന്നുമുണ്ട്. ഒരു ഭാഗത്തിവർ പാർലിമെന്റിൽ വനിതാ പ്രാതിനിധ്യം പോരെന്നു പറയുന്നു. അതേ സമയം ഇവിടെ നന്ദിഗ്രാമിൽ സ്ത്രീകളെ നഗ്നരാക്കി നടത്തിക്കുകയും ചെയ്യുന്നു. എന്ന് രാജ് പറഞ്ഞു.

ഒരു മണിക്കൂറിന്നുശേഷം ഞങ്ങൾ മറ്റൊരു സംഘം സി.ആർ.പി.ക്കാരുടെ കൂടെ ഗാരുപാറയിലേക്ക് പോയി. ഹീരാസിങ് ഠാക്കൂറാണ് ഈ സംഘത്തെ നയിച്ചിരുന്നത്. ഗാരുപാറയിൽ മാർക്സിസ്റ്റുകാർ വോട്ടർമാരെ തടയുന്നതായുള്ള ആക്ഷേപം ലഭിച്ചതിനെത്തുടർന്നാണ് സി.ആർ.പി. ക്കാർ അങ്ങോട്ട് തിരിച്ചത്. അവിടെ ചെന്നപ്പോൾ പടുവൃദ്ധയായ ഒരു സ്ത്രീയെ ചിലർ വസ്ത്രാക്ഷേപം നടത്തുന്നതാണ് കണ്ടത്. ഠാക്കൂർ അവരിലൊരാളെ പിടികൂടി ചോദ്യം ചെയ്തപ്പോൾ അയാൾ അവിടത്തെ മാർക്സിസ്റ്റ് സ്ഥാനാർത്ഥിയായ സ്നേഹാംശുദാസാണെന്നു മനസ്സിലായി. ഠാക്കൂർ അയാളെ വിളിച്ചുകൊണ്ടുപോയി തിര

# കോടതികളിലെ അഴിമതി: ബാർ കൗൺസിൽ അന്വേഷിക്കുന്നു

ഇന്ത്യയിലെ നീതിന്യായരംഗത്തെ സ്ഥിതിഗതികളെക്കുറിച്ച് അഖിലേന്ത്യാതലത്തിൽ ഒരു സർവ്വെ നടത്താൻ ഇന്ത്യൻ ബാർ കൗൺസിൽ തീരുമാനിച്ചു. ഇതു സംബന്ധിച്ച ഒരു നീണ്ട ചോദ്യാവലി സംസ്ഥാന ബാർ അസോസിയേഷനുകൾക്ക് അയച്ചിട്ടുണ്ട്. കോടതികളിലെ സ്ഥിതിഗതികളെക്കുറിച്ച് അഭിഭാഷകർക്കുള്ള അഭിപ്രായം കണ്ടെത്തലാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

36 ഇനങ്ങളടങ്ങുന്ന ചോദ്യാവലിയിൽ (1) നീതിന്യായരംഗത്തെ അഴിമതി വളരുകയാണോ? (2) കാര്യങ്ങൾ കൂടുതൽ നീതിപൂർവ്വമാക്കാൻ എന്തുചെയ്യണം? (3) ജഡ്ജിമാരുടെ ബന്ധുക്കൾ അഭിഭാഷകരായി പ്രത്യക്ഷപ്പെടുന്ന കേസ് ഒരു ജഡ്ജി വിചാരണ ചെയ്യാവുന്നതാണോ? (4) മറ്റു ജഡ്ജിമാരുടെ ബന്ധുക്കൾ വക്കീൽമാരായി വരുന്ന കേസുകൾ എന്തുചെയ്യണം? തുടങ്ങിയ ചോദ്യങ്ങളെല്ലാമുണ്ട്.

ബാർകൗൺസിലിന്റെ മുൻ ചെയർമാനായ എസ്. ഗോപകുമാരൻ നായരാണ് ഈ സർവ്വേക്ക് മുൻകയ്യെടുത്തിരിക്കുന്നത്. അഭിഭാഷകവൃത്തിയുടെ സ്ഥിതിയെ ➡

---

ഞെടുപ്പ് സമാധാനപരമായി നടത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടു. ദാസ് ആദ്യം ചെറുത്തുവെങ്കിലും അവസാനം സമ്മതിച്ചു. അങ്ങനെ അയാളെ വിട്ടയച്ചു.

അയാളെ അറസ്റ്റ് ചെയ്തിട്ട് കാര്യമില്ലെന്നാണ് ഠാക്കൂർ പറഞ്ഞത്. അറസ്റ്റ് ചെയ്താൽ ലോക്കൽ പോലീസിനെ ഏൽപ്പിക്കണം. അവർ അയാളെ സൽക്കരിച്ചയക്കും. അറസ്റ്റ് ചെയ്യുന്നത് പാഴ്‌വേലയാണെന്ന് ഠാക്കൂർ പറഞ്ഞു.

കുറച്ചുകഴിഞ്ഞപ്പോഴേക്കും എൺപതോളം മാർക്സിസ്റ്റുകാർ തടിച്ചുകൂടുകയും തൃണമൂൽ കോൺഗ്രസ്സുകാരെ ആക്രമിക്കുകയും ചെയ്തു. ഉടനെ സി.ആർ.പി. ക്കാർ ലാത്തിച്ചാർജ് നടത്തി അക്രമികളെ ഓടിച്ചു.

കുറച്ചുകഴിഞ്ഞപ്പോൾ ദേവാശിഷ് ചക്രവർത്തിയുടെ നേതൃത്വത്തിലുള്ള ഒരു സംഘം പോലീസ് സ്ഥലത്തെത്തി. (2007 മാർച്ച് 14ന്ന് നന്ദിഗ്രാമിൽ 14 പേരുടെ മരണത്തിന്നിടയാക്കിയ പോലീസ് വെടിവെപ്പിന്ന് നേതൃത്വം നൽകിയ പോലീസുദ്യോഗസ്ഥനാണ് ഈ ചക്രവർത്തി. ഇയാളെ ഡ്യൂട്ടിക്ക് നിയോഗിക്കില്ലെന്ന് ഗവർമ്മേണ്ട് ഉറപ്പു നൽകിയിരുന്നുവെങ്കിലും നന്ദിഗ്രാമിൽ പോലീസിനെ നയിച്ചിരുന്നത് ചക്രവർത്തിയായിരുന്നു.)

നിങ്ങൾ നാട്ടുകാരെ തല്ലിയോ എന്നു ചോദിച്ചുകൊണ്ടാണ് ചക്രവർത്തി സി.ആർ.പി.ക്കാരെ സമീപിച്ചത്. സി.ആർ.പി.ക്കാരുടെ പേരു തരണമെന്ന് അയാൾ ആവശ്യപ്പെട്ടു. അയാളുടെ ക്ഷോഭം കണ്ട് പല സി.ആർ.പി.ക്കാരും പിന്മാറി. സി.ആർ.പി. ഓഫീസർ ചക്രവർത്തിയെ നേരിട്ടു. പെട്ടെന്നു രണ്ടു പേരും പരസ്പരം ചങ്കിനു പിടിച്ചു. പോലീസുകാരും സി.ആർ.പി ക്കാരും പരസ്പരം ലാത്തി പ്രയോഗിച്ചു. ഒടുവിൽ ഉദ്യോഗസ്ഥന്മാർ ഇരുകൂട്ടരേയും പിടിച്ചുമാറ്റി. ഞാനെന്റെ ശക്തി കാണിച്ചുതരാം എന്നു പറഞ്ഞുകൊണ്ടാണ് ചക്രവർത്തി രംഗം വിട്ടത്.

അതിന്നിടയിൽ പത്രക്കാരെത്തി. പോലീസും സി.ആർ.പി. ക്കാരും തമ്മിൽ ഏറ്റുമുട്ടിയതായി നാട്ടിലാകെ വാർത്ത പരന്നു. ഉച്ചതിരിഞ്ഞതോടെ സ്ഥിതിഗതികൾ സി.ആർ.പി. യുടെ നിയന്ത്രണത്തിൽനിന്ന് വഴുതിപ്പോയി. പലേടത്തും ബൂത്ത് കയ്യേറ്റം നടന്നു. ❑

ക്കുറിച്ച് സംശയാതീതമായ വിവരങ്ങൾ ഇന്നുലഭ്യമല്ലെന്നും ഇന്നത്തെ സ്ഥിതിവിശേഷത്തെപ്പറ്റി സമഗ്രമായൊരു ചിത്രം ലഭിക്കാൻ ഈ ചോദ്യാവലി സഹായിക്കുമെന്നും അദ്ദേഹം പറയുന്നു. അഴിമതി വളരുകയാണെന്ന് അഭിഭാഷകർ കരുതുന്നുണ്ടെങ്കിൽ, കാര്യം തുറന്നു പറയാൻ ലഭിച്ചിരിക്കുന്ന അവസരമാണിതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

1990 കൾക്കുശേഷം നീതിന്യായരംഗത്ത് അഴിമതിയുടെ ഒരു പരമ്പരതന്നെ പുറത്തുവന്നിട്ടുണ്ട്. ആ നിലക്ക് ബാർ കൗൺസിലിന്റെ ഈ ഇടപെടൽ വളരെ അവസരോചിതമാണ്. നീതിന്യായരംഗത്ത് അരുതാത്ത പലതും നടന്നുവരുന്നു എന്ന ആരോപണങ്ങൾക്ക് ഒരു സമൂർത്ത രൂപം നൽകാൻ ഈ സർവ്വെ സഹായിക്കും. ഏതായാലും തങ്ങൾ ഈ പ്രശ്നത്തെ മുൻവിധിയോടുകൂടിയല്ല സമീപിക്കുന്നതെന്ന് ബാർ കൗൺസിൽ പറയുന്നു. അഴിമതി വളരുകയാണെന്ന് എല്ലാ സംസ്ഥാനങ്ങളിലേയും അഭിഭാഷകർക്കിയടിൽ വിചാരമുണ്ടെന്ന് സർവ്വേയിൽ തെളിഞ്ഞാൽ, തങ്ങളത് ഒരു പ്രോജക്ട് റിപ്പോർട്ടായി പ്രസിദ്ധീകരിക്കുമെന്ന് ഗോപകുമാരൻ നായർ പറയുന്നു. സർവ്വേയിൽ പങ്കെടുക്കുന്നവർക്ക് അഴിമതിയുടെ തെളിവുകൾ ഹാജരാക്കാം.

ആളുകളുടെ കണ്ണു തുറപ്പിക്കാൻ ഈ സർവ്വെ സഹായിക്കുമെന്ന് ബാർ കൗൺസിലിന്റെ ഇപ്പോഴത്തെ ചെയർമാനായ എസ്.പി. എം. സിംഹ പറയുന്നു. ഹൈക്കോടതികളിലെന്നല്ല സുപ്രീംകോടതിയിലും അഴിമതിക്കാരുണ്ടെന്നാണ് അഭിഭാഷകർ ആക്ഷേപിക്കുന്നത്. പക്ഷെ ഈ സർവ്വേ രഹസ്യമായൊരു നടപടിയാകയാൽ അതാരുടെ കണ്ണുതുറപ്പിക്കുമെന്ന് വ്യക്തമല്ല. വേണ്ടിവന്നാൽ ഞങ്ങൾ വിശദ വിവരങ്ങൾ പ്രസിദ്ധീകരിക്കുമെന്നാണ് സിംഹ പറയുന്നത്. പക്ഷെ സംസ്ഥാന ബാർ അസോസിയേഷനുകൾക്ക് വലിയ താല്പര്യമൊന്നും കാണുന്നില്ല. ഇതുവരെ ഒരു ബാർ അസോസിയേഷനിൽനിന്നും പ്രതികരണമുണ്ടായിട്ടില്ല. ഹൈക്കോടതി അഭിഭാഷകർക്കിടയിൽ ഇക്കാര്യത്തിൽ ശുഭ പ്രതീക്ഷയാണുള്ളത്. ജഡ്ജിമാർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാകണമെങ്കിൽ ഇത്തരം നടപടികൾ കൂടിയേതീരൂ എന്ന് ദൽഹി ഹൈക്കോടതിയിലെ ഭൃണാൾ ഭാരതി പറയുന്നു.

തമിഴ്നാട്ടിലേയും കേരളത്തിലേയും ബാർ അസോസിയേഷനുകൾക്ക് ഇതുവരെ സർവ്വേയുടെ ചോദ്യാവലി ലഭിച്ചിട്ടില്ല. ഒരു പൊതുജനാഭിപ്രായം ഉണ്ടാക്കാനും ഗവർമ്മേണ്ടിന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കാനും ബാർ കൗൺസിലിന്ന് കഴിയുമെന്ന് തമിഴ്നാട് അഡ്വക്കേറ്റ്സ് അസോസിയേഷന്റെ പ്രസിഡണ്ടായ എസ്. പ്രഭാകരൻ ചൂണ്ടിക്കാട്ടി. പ്രസ് കൗൺസിൽ ചെയർമാനായ ജ: പി.ബി. സാവന്ത് അതിനോട് യോചിക്കുന്നു. ഇന്ന് കാര്യമായൊരു സംവിധാനവുമില്ല; അല്പം വല്ലതുമുണ്ടെങ്കിൽ അതാകെ രാഷ്ട്രീയവൽക്കരിക്കപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജഡ്ജിമാരിൽ ഉത്തരവാദിത്വബോധം ഉണ്ടാകണമെങ്കിൽ ജഡ്ജിമാരുടെ നിയമന രീതി മാറണം എന്നാണദ്ദേഹം കരുതുന്നത്.

ജഡ്ജിമാരെ കുറ്റവിചാരണക്ക് വിധേയമാക്കാമെന്ന ഭരണഘടനാവ്യവസ്ഥ ജഡ്ജിമാരിൽ ഉത്തരവാദിത്വമുളവാക്കാനുള്ളതായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ അതു പ്രായോഗികമല്ല. ഈ 60 കൊല്ലത്തിന്നിടയിൽ ഒരൊറ്റ ജഡ്ജിയെപ്പോലും ഇമ്പീച്ച് ചെയ്ത് ശിക്ഷിച്ചിട്ടില്ല. 1993 ൽ സുപ്രീംകോടതിയിലെ ജ: വി. രാമസ്വാമിയെ കുറ്റവിചാരണക്ക് വിധേയനാക്കിയെങ്കിലും ശിക്ഷിക്കുന്നതിൽ പാർലിമെന്റ് പരാജയപ്പെട്ടു. ജഡ്ജിയുടെ മകൻ ഒരു കോൺഗ്രസ് എം.എൽ.എ. യായിരുന്നു. അതിനാൽ കോൺഗ്രസ്സുകാർ ജഡ്ജിക്കെതിരെ വോട്ടുചെയ്തില്ല. സുപ്രീംകോടതിയിലെ അഭിഭാഷകപ്രമുഖനായ പ്രശാന്ത് ഭൂഷൺ അതിനോട് യോജിക്കുന്നു. ❑

# സിക്കിമിലെ കാടുകളിൽ 29 അതിരപ്പിള്ളികൾ

കേരളത്തിൽ തോടുകളായ തോടുകളിലെല്ലാം നിരനിരയായി അണകെട്ടി നീരൊഴുക്കിന്നറുതിവരുത്തിയ രാഷ്ട്രീയക്കാരേയും എഞ്ചിനീയർമാരേയും വെല്ലുന്നവരാണ് സിക്കിമിലെ രാഷ്ട്രീയക്കാരും എഞ്ചിനീയർമാരും. കേരളത്തിൽ ഈ അതിക്രമമെല്ലാം കാണിച്ചത് പരിസ്ഥിതിയെക്കുറിച്ച് അവബോധം വരുന്നതിന്നുമുമ്പായിരുന്നുവെന്ന് പറഞ്ഞു സമാധാനിക്കാമെങ്കിൽ സിക്കിമിലെ സ്ഥിതി നേരെമറിച്ചാണ്. ഭവിഷ്യത്തുക്കളെപ്പറ്റിയുള്ള തികഞ്ഞ ബോധത്തോടെയാണവർ കുട്ടിക്കളിയെപ്പോലും വെല്ലുന്ന കളികൾക്ക് ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

ഹിമാലയസാനുക്കളിൽ നേപ്പാളിന്നും ഭൂട്ടാന്നും ഇടയിലായി ഒരു പൂളുപോലെ കിടന്നിരുന്ന ചെറിയൊരു രാജ്യമായിരുന്നു സിക്കിം. ചീനക്കാർ തിബത്തിൽ കാട്ടിക്കൂട്ടുന്ന പരാക്രമം കണ്ട് പേടിച്ചരണ്ടുപോയ സിക്കിം 1975 ൽ ഇന്ത്യയിൽ ലയിക്കുകയാണുണ്ടായത്. ഇന്ന് ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമാണ് സിക്കിം. 7100 ചതുരശ്ര കിലോമീറ്ററാണ് സിക്കിമിന്റെ വിസ്തീർണ്ണം. അതായത് തൃശൂർ പാലക്കാട് ജില്ലകൾകൂടിച്ചേർന്നാലുണ്ടാകുന്ന വിസ്തീർണ്ണത്തിലും കുറവ്.

സിക്കിമിന്റെ വടക്കൻ മേഖലയാകെ കാടാണ്; തെക്കൻ സിക്കിമിൽ മാത്രമേ കാര്യമായ ജനവാസമുള്ളൂ. സിക്കിമിലെ ജനസംഖ്യയാകട്ടെ വെറും ആറു ലക്ഷമാണ്; കേരളത്തിലെ ഒരു സിറ്റിയിലെ ജനസംഖ്യയോളം മാത്രം.

ഇത്രയും ചെറിയൊരു സംസ്ഥാനത്തിൽ 29 അണക്കെട്ടുകൾ നിർമ്മിക്കുന്നതിന്ന് ഗവർമ്മേണ്ട് നടപടികളാരംഭിച്ചിരിക്കുന്നു. ഇതിൽ 1200 മെഗാവാട്ടിന്റെ ടീസ്റ്റ മൂന്നാംഘട്ടം പദ്ധതിമുതൽ 30 മെഗാവാട്ടിന്റെ സുന്താലേ പദ്ധതി വരെയുണ്ട്.

ഈ 29 പദ്ധതികളിൽ നിന്നായി എണ്ണായിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാമെന്ന് സിക്കിം ഗവർമ്മേണ്ട് പറയുന്നു. സിക്കിമിന്ന് ഇതിന്റെ ചെറിയരംശമേ വേണ്ടൂ. ബാക്കിയെല്ലാം ബംഗാൾ, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങൾക്ക് വിറ്റ് കാശുണ്ടാക്കാമെന്നാണ് ഗവർമ്മേണ്ട് പറയുന്നത്. കേന്ദ്രഗവർമ്മേണ്ടാകട്ടെ ഇതിന്ന് എല്ലാവിധ പ്രോത്സാഹനവും നൽകുന്നു.

സിക്കിമിലെ പ്രധാന നദിയാണ് ടീസ്റ്റ. ഈ നദിയിൽ ആറിടത്ത് അണകെട്ടി വൈദ്യുതി ഉത്പാദിപ്പിക്കാൻ പ്ലാനിട്ടിട്ടുണ്ട്. ഈ ആറു അണക്കെട്ടിൽ നിന്നുതന്നെ 3315 മെഗാവാട്ട് വൈദ്യുതി ഉല്പാദ്പ്പിക്കാൻ കഴിയും. ബാക്കിയുള്ള 26 അണക്കെട്ടുകൾ ടീസ്റ്റയുടെ പോഷകനദികളിലാണ് നിർമ്മിക്കുന്നത്.

ഗവർമ്മേണ്ടിന്റെ ഈ ഭ്രാന്തൻ പദ്ധതിയെ ജനങ്ങൾ എതിർക്കുന്നു. സിക്കിമിലെ യഥാർത്ഥ സ്വദേശികളായ ലെപ്ച്ചകളുടെ നേതാവായ ദാവാ ലെപ്ച്ച കഴിഞ്ഞ 63 ദിവസം ഈ പദ്ധതിക്കെതിരായി ഉപവസിച്ചു. ഒരു താൽക്കാലിക ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ അത് പിൻവലിച്ചുവെങ്കിലും പദ്ധതി പ്രവർത്തനവുമായി ഗവർമ്മേണ്ട് മുന്നോട്ടുപോയതിനാൽ ദേവ ഈ മാർച്ച് 10 മുതൽ വീണ്ടും ഉപവാസം ആരംഭിച്ചിരിക്കുകയാണ്. ഗവർമ്മേണ്ട് അദ്ദേഹത്തെ ആസ്പത്രി

യിലാക്കി. മൂക്കിലൂടെ ട്യൂബിട്ട് ദ്രവരൂപത്തിൽ ഭക്ഷണം കയറ്റിക്കൊണ്ടിരിക്കുന്നു.

സിക്കിമിലെ സ്വദേശികൾ ലെപ്ച്ചകളാണെങ്കിലും അവരിപ്പോൾ ജനങ്ങളിൽ 10 ശതമാനം മാത്രമാണ്; നൂറ്റാണ്ടുകൾക്കുമുമ്പ് തിബത്തിൽനിന്നും നേപ്പാളിൽനിന്നും കുടിയേറിയവരാണ് ബാക്കിയുള്ളവർ. ലെപ്ച്ചകളിൽതന്നെ നല്ലൊരു ഭാഗം വടക്കൻ സിക്കിമിലെ വനമേഖലയായ സോങ്ങുവിലാണ് ജീവിക്കുന്നത്. വൻ മലനിരകൾക്കിടയിൽ ടീസ്റ്റ നദീതടത്തിൽ കിടക്കുന്ന സോങ്ങു പ്രദേശം ലെപ്ച്ചകൾ പുണ്യഭൂമിയായി കരുതുന്നു. അവിടെയാണിപ്പോൾ അണക്കെട്ടുകൾ നിർമ്മിക്കാൻ പ്ലാനിട്ടിരിക്കുന്നത്. അന്യ നാട്ടുകാർ തങ്ങളുടെ പുണ്യഭൂമിയിൽ കടന്നുകയറി എല്ലാം നശിപ്പിക്കുമെന്ന് ലെപ്ച്ചകൾ ഭയപ്പെടുന്നു.

സകലനിയമങ്ങളും ലംഘിച്ചുകൊണ്ടാണ് സിക്കിമിൽ ജലവൈദ്യുത പദ്ധതികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി സംരക്ഷണ നിയമത്തിന്ന് ആരും പുല്ലിന്റെ വിലപോലും കല്പിച്ചിട്ടില്ല. അണക്കെട്ടുകളിൽ നാലെണ്ണം പ്രസിദ്ധമായ കാഞ്ചൻ ജംഗ നാഷനൽ പാർക്കിന്നകത്താണ് നിർമ്മിക്കാൻ പ്ലാനിട്ടിരിക്കുന്നത്; അതിന്നപ്പുറത്ത് കാഞ്ചൻ ജംഗ ബയോസ്ഫിയറിൻ വേറെ രണ്ടു അണക്കെട്ടു നിർമ്മിക്കാൻ പോകുന്നു. ഇതിന്നും പുറമെ റിസർവ്വ് വനത്തിൽ വേറേയും രണ്ട് അണക്കെട്ടു നിർമ്മിക്കും. ലെപ്ച്ചകളുടെ സോങ്ങു പ്രദേശം മുഴുവൻ കാഞ്ചൻ ജംഗ ബയോസ്ഫിയറിന്നകത്തുവരും.

ഇന്ത്യയിലെ ജൈവ വൈവിധ്യത്തിന്റെ നിറകുടമാണ് ടീസ്റ്റ നദീതടമേഖല. അതാണിപ്പോൾ അണക്കെട്ടുകളുടെ ജല സംഭരണികളിൽ മുങ്ങിച്ചാകാൻ പോകുന്നത്. 1975 ന്നു മുമ്പ് സിക്കിം രാജഭരണത്തിൻ കീഴിലായിരുന്നു. സോങ്ങുവിൽ സ്ഥിരതാമസക്കാരനല്ലാത്ത ഒരു ലെപ്ച്ചക്കുപോലും സോങ്ങുവിൽ പ്രവേശിക്കാൻ പെർമിറ്റ് വാങ്ങേണ്ടതുണ്ടായിരുന്നു. സോങ്ങുക്കാരായ ലെപ്ച്ചകൾക്കുമാത്രമേ അവിടെ ഭൂമി വാങ്ങാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ക്ഷയിച്ചുവരുന്ന ലെപ്ച്ചകളുടെ സമൂഹത്തേയും സംസ്കാരത്തേയും സംരക്ഷിക്കാൻ വേണ്ടിയാണിത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ആ പ്രദേശത്താണിപ്പോൾ ഏഴു അണക്കെട്ടു നിർമ്മിക്കാൻ പോകുന്നത്. ഈ പണിക്കായി എത്രായിരം പേരാണ് ഇവിടെ കുടിയേറിപ്പാർക്കാൻ പോകുന്നത്.

അണക്കെട്ടുകൾ നിർമ്മിക്കാൻ പാറകൾ പൊളിക്കണം; അണക്കെട്ടുകളിൽനിന്ന് വെള്ളം വിടാൻ തുരങ്കങ്ങൾ നിർമ്മിക്കുന്നതിന്നും പാറകൾ പൊട്ടിക്കണം. സിക്കിമിലാകെ മലതുരക്കാൻ പോകുകയാണ്. നിരന്തരം സ്ഫോടനങ്ങൾ നടക്കുന്നതിനാൽ വീടുകൾ തകരുന്നു; തോടുകളും മറ്റും വറ്റിപ്പോകുന്നു.

മറ്റെല്ലായിടത്തുമെന്നപോലെ സിക്കിമിലും രാഷ്ട്രീയക്കാർ അണക്കെട്ടു നിർമ്മാണത്തിന്ന് പിന്നാലെ നടക്കുകയാണ്. അവർ ജനങ്ങളെ തെറ്റിധരിപ്പിക്കുന്നു. ടീസ്റ്റയിലെ ആദ്യത്തെ അണക്കെട്ടിന്ന് 1999 ൽ കേന്ദ്ര പരിസ്ഥിതി മന്ത്രികാര്യാലയം സോപാധികമാണ് അനുമതി നൽകിയത്. ടീസ്റ്റ നദിയുടെ ശേഷിയെക്കുറിച്ചുള്ള റിപ്പോർട്ടിന്നു ശേഷമേ ഇനിമേൽ അനുമതി നൽകൂ എന്നാണ് ഗവർമ്മേണ്ട് പറഞ്ഞിരുന്നത്. ഈ പഠന റിപ്പോർട്ട് 2007 ആഗസ്റ്റിൽ ഗവർമ്മേണ്ടിന്നു സമർപ്പിച്ചു. വടക്കൻ സിക്കിമിൽ വൻകിട പദ്ധതിയൊന്നും പാടില്ലെന്നാണ് റിപ്പോർട്ടിൽ പറയുന്നതെങ്കിലും കേന്ദ്ര ഗവർമ്മേണ്ട് അതൊന്നും കണ്ട ഭാവം നടിക്കുന്നില്ല. ❑

# വോട്ടുബാങ്ക് രാഷ്ട്രീയത്തിൽ അലിഞ്ഞുപോകുന്ന ആദർശം

തമിഴ്നാട്ടിൽ മധുരക്കടുത്ത ഉത്തപുരം ഗ്രാമത്തിൽ ഉയർന്നജാതിക്കാർ പടുത്തുയർത്തിയിരുന്ന അയിത്തമതിൽ ഈയിടെ സർക്കാർ ഇടപെട്ട് പൊളിച്ചുവെങ്കിലും അയിത്താചരണമെന്ന കാതലായ പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. ഗതാഗത സൗകര്യമുണ്ടാക്കുംവിധത്തിൽ വളരെ ചെറിയൊരു ഭാഗം മാത്രമേ പൊളിച്ചിട്ടുള്ളൂ



പോലീസ് പൊളിച്ച അയിത്ത മതിൽ

വെങ്കിലും അയിത്തക്കാരെ പേടിച്ച് സവർണർ നാടു വിട്ടിരുന്നു. ഗവർമ്മേണ്ട് അവരെ പറഞ്ഞ് സമാധാനിപ്പിച്ച് നാട്ടിലേക്കുതന്നെ തിരിച്ചുകൊണ്ടുവന്നു.

തമിഴ്നാട്ടിലെ ഏറ്റവും വലിയ പരിഷ്കർത്താവായിരുന്ന ഇ.വി. രാമസ്വാമി നായ്ക്കരുടെ അനുയായികളാണ് കഴിഞ്ഞ നാല്പതു കൊല്ലമായി തമിഴ്നാട് ഭരിക്കുന്നത്. പക്ഷെ അധികാര രാഷ്ട്രീയം ഇവരുടെ ആദർശത്തെയെല്ലാം ആവിയാക്കിക്കളഞ്ഞു.

ഒരു ബിസിനസ്സുകാരനായിരുന്ന രാമസ്വാമി നായ്കർ ആദ്യം സ്വാതന്ത്ര്യ സമരത്തിലേക്കും അവിടെനിന്ന് സാമൂഹ്യ പരിഷ്ക്കരണ രംഗത്തേക്കും വന്നു. അയിത്താചരണം, ജാതിഭേദം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ പോരാടാനായി അദ്ദേഹം 1944 ൽ ദ്രാവിഡ കഴകം എന്നൊരു സംഘടനയുണ്ടാക്കി. എന്നാൽ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം അധികാര രാഷ്ട്രീയം തലനീട്ടിയപ്പോൾ ദ്രാവിഡ കഴകക്കാരിൽ ഒരു വിഭാഗം രാഷ്ട്രീയത്തിലേക്ക് തിരിഞ്ഞു. അങ്ങനെയാണ് ദ്രാവിഡമുന്നേറ്റ കഴകം (ഡി.എം.കെ) രൂപംകൊണ്ടത്. പിന്നീട് അധികാരമോഹം മൂത്തപ്പോൾ എം.ജി. രാമചന്ദ്രന്റെ നേതൃത്വത്തിലൊരു

വിഭാഗം അണ്ണാകഴകമുണ്ടാക്കി. കഴിഞ്ഞ 40 കൊല്ലമായി ഡി.എം.കെ. യും അണ്ണാകഴകവും മാറിമാറി ഭരണം നടത്തിവരുന്നു.

അധികാരം വേണമെന്ന കാര്യത്തിൽ എല്ലാവർക്കും നിർബന്ധബുദ്ധിയുള്ള തിനാൽ, ആരെയെങ്കിലും പിണക്കാൻ ആരും തയ്യാറല്ല. ജനാധിപത്യത്തിന്റെ ദൗർബല്യങ്ങളിലൊന്നാണിത്. അയി ത്താചരണം ഭരണഘടന പ്രകാരംതന്നെ നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും പട്ടികജാ തിക്കാരെ ദ്രോഹിക്കുകയല്ല, അവഹേ ളിക്കുന്നതുപോലും, കഠിനശിക്ഷ ലഭി ക്കുന്ന കുറ്റമാക്കുന്ന നിയമമുണ്ടായിട്ടും തമിഴ്നാട്ടിൽ വ്യാപകമായി അയിത്താ ചരണം ഇന്നും നിലനിന്നുവരുന്നു. ഇതിന്റെ ഭീകരരൂപങ്ങളിൽ ഒന്നായി രുന്നു ഉത്തപുരത്ത് മേൽജാതിക്കാർ പടുത്തുയർത്തിയ 600 മീറ്റർ നീളമുള്ള അയിത്തമതിൽ. ഈ അയിത്തമതിൽ ഇരുപതുകൊല്ലക്കാലമായി അങ്ങനെ നിലനിന്നുവരുന്നു. മാത്രമല്ല, ഉയരമേ റിയ ആ മതിലിന്റെ മുകളിൽകൂടി ആരെ ങ്കിലും കയറിക്കടന്നാലോ എന്ന് ഭയ പ്പെട്ട് മതിലിന്റെ മുകളിൽ കമ്പി വലിച്ച് വൈദ്യുതി പ്രവഹിപ്പിക്കുകയും ചെയ്തിരുന്നു! നിയമസഭയിൽ ചില അംഗങ്ങൾ ഇതിൽ പ്രതിഷേധിച്ചതിനെ ത്തുടർന്ന് ഈയിടെയാണ് ഗവർമ്മേണ്ട് അതിന്നുള്ള എലക്ട്രിസിറ്റി കണക്ഷൻ ഛേദിച്ചത്.

ജനസംഖ്യയിൽ ഇരുപതു ശതമാനം ദളിതരാണെങ്കിലും സ്വാതന്ത്ര്യം നേടി അറുപതുകൊല്ലം കഴിഞ്ഞിട്ടും അവരോ ടുള്ള പെരുമാറ്റം അതിഹീനമായി തുട രുന്നു. ദളിതരെ തല്ലികൊല്ലാനും അവ ഹേളിക്കാനും ഉയർന്ന ജാതിക്കാർക്ക് ഇന്നും ഒരു മടിയുമില്ല. പരാതിപ്പെട്ടാൽ ഒരു കേസ് രജിസ്റ്റർ ചെയ്യാൻപോലും പോലീസ് കൂട്ടാക്കില്ല. രജിസ്റ്റർ ചെയ്ത കേസുകളിൽ ഒന്നോ രണ്ടോ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. ദളിതന്റെ ജാതി പ്പേർ പറയുന്നതുപോലും കടുത്ത ശിക്ഷ കിട്ടുന്ന കുറ്റമാക്കിയിട്ടുള്ള ഒരു നാട്ടിലാണിങ്ങനെയെല്ലാം സംഭവിക്കു ന്നത്.

ദളിതർക്ക് പലേടത്തും വഴി നട ക്കാൻ ഇന്നും സ്വാതന്ത്ര്യമില്ല. നാട്ടിൻപുറങ്ങളിലെ ചായക്കടകളിൽ ദളിതർക്കായി പ്രത്യേക ചിരട്ടകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽജാതിക്കാ രുടെ വോട്ടു നഷ്ടപ്പെടുമെന്ന ഭീതി മൂലം ഒരു പാർട്ടിയും ഇത്തരം വിവേച നങ്ങൾക്കെതിരെ ശബ്ദിക്കാറില്ല. രാമ സ്വാമി നായക്കർ എല്ലാ ജാതിഭേദ ങ്ങൾക്കും എതിരായിരുന്നുവെന്നത് ശരി. പക്ഷെ അദ്ദേഹത്തിന്റെ അനു യായികൾ സ്വന്തം ജാതിയൊഴിച്ച് എല്ലാവരേയും എതിർക്കുന്നവരായി മാറി. സമൂഹം പൊതുവെ സവർണർ, പിന്നോക്ക ജാതിക്കാർ, ദളിതർ എന്നി ങ്ങനെ മൂന്നടുക്കായിട്ടാണ് വർത്തിക്കു ന്നത്. രാമസ്വാമി നായ്ക്കരും അനു യായികളും സവർണർക്കെതിരായി പോരാടി. സവർണർ അധികാര സ്ഥാന ങ്ങളിൽനിന്ന് പുറംതള്ളപ്പെട്ടപ്പോൾ പിന്നോക്കജാതിക്കാർ അധികാരം പിടി ച്ചുപറ്റി. ഈ പിന്നോക്കജാതിക്കാരാണ് ഇന്ന് ദളിതരുടെ ഏറ്റവും വലിയ ശത്രു ക്കളായി മാറിയിരിക്കുന്നത്. രാഷ്ട്രീയ കക്ഷികളാകട്ടെ ഈ പിന്നോക്കജാതി ക്കാരുടെ കൈകളിലെ പാവകളായി മാറുകയും ചെയ്തിരിക്കുന്നു. ആദർശ ത്തേക്കാൾ പ്രധാനം അധികാരമാകു മ്പോൾ അങ്ങനെ സംഭവിക്കും. ദളിതു കളെ മനപൂർവ്വം അവഗണിക്കുന്നു വെന്നു പറയുന്നത് വെറും പ്രചരണമാ ണെന്ന് കേന്ദ്രമന്ത്രിയും ഡി.എം.കെ. നേതാവും ദളിതനുമായ എ. രാജ പറ യുന്നു. അധികാരത്തിലെത്തുമ്പോൾ മനുഷ്യരിലുണ്ടാകുന്ന മാറ്റങ്ങൾക്ക് ഒരു ഉദാഹരണമാണിത്. ❑

# മദ്യത്തിന്നും പുകയിലക്കും എതിരായി ഒരു മന്ത്രി!

**- അമ്പുമണി രാമദാസ് -**

ആരോഗ്യകരമായ വിമർശനവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും പക്വതവന്ന ഒരു സമൂഹത്തിന്റെ കരുത്താണെന്നാണ് ഞാൻ കരുതിവച്ചിരുന്നത്. ഒരു വ്യക്തിയെന്ന നിലയിൽ ഞാനെന്നും വിമർശനത്തെ സ്വാഗതം ചെയ്തിരുന്നു. വാസ്തവത്തിൽ ഞാനത് സന്തോഷത്തോടെ സ്വീകരിക്കുകയാണ് പതിവ്. കാരണം, വിമർശനമെന്നത് ഒരു പങ്കാളിത്ത പ്രക്രിയയാണ്. അത് പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായിക്കും. പക്ഷെ സാമൂഹ്യ തിന്മകൾക്കെതിരെ ധീരമായും ദൃഢമായും സംസാരിക്കാൻ ധൈര്യപ്പെട്ടുവെന്നതുകൊണ്ടുമാത്രം ഒരു വ്യക്തിയെ കടന്നാക്രമിക്കുന്നുവെങ്കിൽ അവിടെ വിമർശനത്തിന്ന് വിശ്വാസ്യത കൈമോശം വരുന്നു. ഇത്തരമൊരു അനാവശ്യ വിമർശനത്തിന്ന് ഞാൻ പാത്രമാക്കപ്പെട്ടിരിക്കയാണ്.

പുകയില, മദ്യം, ചവറ് ഭക്ഷണം എന്നിവക്കെതിരെ ഞാൻ നടത്തുന്ന പ്രചരണം ഇന്ത്യക്കകത്ത് പരക്കെ വിമർശന വിഷയമായിട്ടുണ്ട്. ആരോഗ്യ- കുടുംബക്ഷേമ വകുപ്പിന്റെ പ്രചരണം ആഗോളതലത്തിൽ പ്രശംസിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവിടെ കാര്യം നേരെ മറിച്ചാണ്. ഇന്ത്യയിലെ ആരോഗ്യ പ്രശ്നങ്ങളിൽ 40 ശതമാനത്തിന്നും കാരണം പുകയിലയാണെന്ന് ഞാൻ ആവർത്തിച്ചു പറഞ്ഞിരുന്നു. പുകയിലയും മദ്യവും ചേർന്നാൽ, അകാലമൃത്യുവിലേക്കുള്ള ഒരു കുറുക്കുവഴിയാകും.

നൂറുകോടി ജനങ്ങളുള്ള ഒരു രാജ്യത്തിന്റെ ആരോഗ്യകാര്യമന്ത്രിയെന്ന നിലയിൽ, അവരുടെ ആരോഗ്യത്തിന്നും ക്ഷേമത്തിന്നും ഞാൻ ഉത്തരവാദപ്പെട്ടിരിക്കുന്നു. മദ്യത്തിന്റേയും പുകയില ഉല്പന്നങ്ങളുടേയും ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുന്ന പരസ്യങ്ങൾ നിരോധിച്ചതിനെത്തുടർന്ന് സിനിമാസ്ക്രീനുകളിൽ പുകവലി നിരോധിക്കുന്നതിനെപ്പറ്റി വലിയൊരു വിവാദം തന്നെ നടന്നു. മദ്യപിക്കുന്നതും പുകവലിക്കുന്നതും വലിയൊരു കാര്യമായി അവതരിപ്പിക്കരുത് എന്ന് പ്രമാണിമാരോട് പറയുന്നത് അത്രവലിയൊരു തെറ്റാണോ എന്ന് ചിലപ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. സിനിമാവ്യവസായമാകെ എനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത് കാണുമ്പോൾ ഞാൻ അത്ഭുതപ്പെടുകയാണ്.

പുകയിലയുടെ ഉപയോഗം മൂലം ഇന്ത്യയിൽ കൊല്ലംതോറും പത്തുലക്ഷത്തിൽ പരം പേർ മരിക്കുന്നു. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ സ്കൂൾ വിദ്യാർത്ഥികളിൽ 15 ശതമാനം പേർ പുകയില ഉപയോഗിക്കുന്നവരാണ്. സിനിമകളിലെ പുകവലി രംഗങ്ങൾ, സാധാരണ പുകയില പരസ്യങ്ങളേക്കാൾ ഫലപ്രദമായ പരസ്യമാണെന്ന് വിദഗ്ദ്ധന്മാർ പറയുന്നു. സിനിമയിലെ പുകവലി രംഗങ്ങൾ കണ്ട് പ്രചോദിതരായി പുകവലിയാരംഭിച്ചവരാണ് ചെറുപ്പക്കാരായ പുകവലിക്കാരിൽ 52 ശതമാനവുമെന്ന് സർവ്വേ തെളിയിക്കുന്നു.

അതിനാൽ സിനിമയിലെ പുകവലി നമ്മുടെ ചെറുപ്പക്കാരിൽ ഏൽപ്പിക്കാവുന്ന ആഘാതം വിഭാവനം ചെയ്യുക വിഷമമല്ല; പ്രത്യേകിച്ചും സിഗരറ്റ് കമ്പനികളുടെ ബ്രാൻഡുകളെക്കുറിച്ചുള്ള ബോധം. ലോകത്തിൽ ഏറ്റവുമധികം സിനിമകൾ നിർമ്മിക്കുന്ന രാജ്യമാണ് ഇന്ത്യ. (2001 ൽ 900) 1950 കളിൽ 30

ശതമാനം സിനിമകളിൽ മാത്രമേ പുകവലി രംഗങ്ങൾ ഉണ്ടായിരുന്നുള്ളൂ. 2004 ൽ അത് 89 ശതമാനമായി ഉയർന്നു. അതുപോലെത്തന്നെ പ്രധാനമാണ് സിനിമയിൽ പുകവലിക്കാരായി അവതരിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങളുടെ സ്ഥിതി. 1950 കളിലെ സിനിമകളിൽ വില്ലന്മാ രായി വരുന്ന കഥാപാത്രങ്ങളായിരുന്നു പുകവലിക്കാർ. എന്നാൽ ഇപ്പോൾ പുകവലി രംഗങ്ങളിൽ വരുന്നവരിൽ 76 ശതമാനവും നായകന്മാരാണ്. ഇത്തരം രംഗങ്ങൾ നമ്മുടെ ചെറുപ്പക്കാരിൽ ചെലുത്തുന്ന സ്വാധീനം കുറയ്ക്കണമെന്നു പറയുന്നത് അന്യായമാണോ?

ഗോഡ്ഫ്രെ ഫിലിപ്സ് എന്ന പുകയില കമ്പനി മനുഷ്യജീവൻ രക്ഷിക്കുന്നവർക്ക് പത്ത് അവാർഡ് നൽകുന്നുണ്ട്. എന്നാൽ വിരോധാഭാസമെന്നു പറയട്ടെ, അതേ പുകയില കമ്പനി കൊല്ലത്തിൽ മുപ്പതു ലക്ഷം പേരുടെ മരണത്തിന്ന് കാരണക്കാരായിത്തീരുന്നു.

മദ്യത്തിന്റെ കഥയും വ്യത്യസ്തമല്ല. പതിനഞ്ചുകൊല്ലം മുമ്പ് ഇന്ത്യയിലെ മദ്യോൽപ്പാദനം 90 കോടി ലിറ്ററായിരുന്നുവെങ്കിൽ ഇന്ന് അത് 230 കോടി ലിറ്ററായിരിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിൽ ഏറ്റവുമധികം മദ്യം ഉപയോഗിക്കുന്ന രാജ്യം ഇന്ന് ഇന്ത്യയാണ്. ഈ മേഖലയിലെ മദ്യോല്പാദനത്തിന്റെ 65 ശതമാനവും ഇന്ത്യക്കാരാണ് കുടിച്ചുതീർക്കുന്നത്. മദ്യപിക്കുന്നവരുടെ ശരാശരി പ്രായം മുമ്പ് 28 വയസ്സായിരുന്നുവെങ്കിൽ ഇന്ന് അത് 19 വയസ്സായിരിക്കുന്നു; അടുത്ത അഞ്ചാറു കൊല്ലംകൊണ്ട് അത് 15 വയസ്സാകുമെന്ന് വിദഗ്ദ്ധന്മാർ പറയുന്നു.

മുപ്പതുവയസ്സിന്നു താഴെയുള്ള 60 കോടി ജനങ്ങളാണ് ഇന്ത്യയുടെ കരുത്ത്. രാഷ്ട്ര നിർമ്മാണത്തിന്നുള്ള നമ്മുടെ ആസ്തിയാണിത്. ഇവർതന്നെയാണ് പുകയിലക്കും മദ്യത്തിന്നും മയക്കുമരുന്നിന്നും ചവറുഭക്ഷണത്തിന്നും അടിമയായിത്തീരുന്നത്. ഇവ നാലും ആളെക്കൊല്ലികളാണെന്ന് ഞാൻ പറയും. ഇന്ത്യയിലെ മരണങ്ങളിൽ മൂന്നിൽ രണ്ടുഭാഗവും പുകയില, മദ്യം, ചവറുഭക്ഷണം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നെ വിമർശിക്കുന്നവരെ ഈ കണക്കൊന്നും ചിന്തിപ്പിക്കുന്നില്ലേ?

ഈ ചെറുപ്പക്കാർ അവരുടെ കുടുംബത്തിന്നും രാജ്യത്തിന്നും ഒരു ഭാരമായിത്തീരുന്നത് തടയാൻ അവരെ ഉദ്ബുദ്ധരാക്കേണ്ടതുണ്ട്. മദ്യം മദ്യപാനിയെ മാത്രമല്ല, അവരുടെ കുടുംബങ്ങളേയും നശിപ്പിക്കുന്നു. റോഡപകടങ്ങളിൽ മൂന്നിലൊന്ന് മദ്യവുമായി ബന്ധപ്പെട്ടതാണ്. നമ്മൾ ഒട്ടകപക്ഷിയെപ്പോലെ പെരുമാററുത്. ഇത്തരം പ്രശ്നങ്ങളെ ധീരമായി നേരിടാൻ സമയമായിരിക്കുന്നു.

സർഗ്ഗാത്മകതയെ കലയായി ഉപയോഗിക്കുമ്പോൾ, അത് ജീവിതം മെച്ചപ്പെടുത്താനുള്ളതാകണം, നശിപ്പിക്കാനാകരുത്. ഇന്ന് മദ്യപിക്കുന്നത് ചെറുപ്പത്തിന്റെ ഊക്കായി ചിത്രീകരിക്കപ്പെടുന്നു. സമൂഹത്തിലെ ഉന്നത വൃത്തങ്ങളിൽ അതിന്ന് അംഗീകാരം ലഭിച്ചിരിക്കുന്നു. ശരിയാണ്, ഇന്ത്യ സാമ്പത്തികമായി വളരുകയാണ്; സാമൂഹ്യ സൂചകങ്ങളെല്ലാം വളർച്ച കാണിക്കുന്നു. അതിന്നൊരു താങ്ങുനൽകാൻ നമുക്ക് ചെറിയൊരു ഉദ്ബോധനപ്രവർത്തനം നടത്തുക. തമിഴ് നടൻ രജനീകാന്തിന്റെ ഏറ്റവും പുതിയ രണ്ടു ഫിലിമുകളിലും പുകവലി രംഗങ്ങളില്ല; അവ രണ്ടും ഇന്ത്യയിലെ ഫിലിം വ്യവസായത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വിജയങ്ങളാണ്.

ഒരു കപ്പ് പെപ്സിയിൽ അഥവാ കൊക്കകോളയിൽ 5–7 സപൂൺ പഞ്ചസാര അടങ്ങിയിട്ടുണ്ടെന്നും ഒരു പാക്കറ്റ് വറുത്തുപ്പേരിയിൽ 500 കലോറിയുണ്ടെന്നും ഇവയെല്ലാം ആരോഗ്യത്തിന്ന് വിനാശകരമാണെന്നും ഉറക്കെ വിളിച്ചുപറയാൻ പേരും പ്രശസ്തിയു

മുള്ള ചിലർ മുന്നോട്ടുവന്നിരുന്നുവെങ്കി ലെന്ന് ഞാൻ ആശിക്കുകയാണ്.

ഇന്ത്യ പകർച്ചവ്യാധികളിൽനിന്ന് പക രാത്തതരം വ്യാധികളിലേക്ക് നീങ്ങി ക്കൊണ്ടിരിക്കുകയാണെന്ന് ലോകാ രോഗ്യ സംഘടന മുന്നറിയിപ്പ് നൽകി യിട്ടുണ്ട്. അതായത് ക്യാൻസർ, പ്രമേ ഹം, ഹൃദ്രോഗം, മാനസികരോഗങ്ങൾ എന്നിവയിലേക്ക് ഇന്ത്യ നീങ്ങുന്നു. ഇത്തരം രോഗങ്ങളെല്ലാംതന്നെ മദ്യം, പുകയില, ചവറുഭക്ഷണം എന്നിവയു മായി അടുത്തുബന്ധപ്പെട്ടിരിക്കുന്നു. 1952 ലെ ഇന്ത്യൻ സിനിമാനിയമം പുക വലിയെ പ്രകീർത്തിക്കുന്നത് നിരോധി ക്കുന്നുണ്ട്. എന്നിട്ടും ആ നിയമം ലംഘിച്ചുകൊണ്ടേയിരിക്കുന്നു. ഇതി ന്നെതിരെ എവിടെനിന്നെങ്കിലും ഒരു പ്രതിഷേധ സ്വരം പോലും ഉയരുന്നി ല്ല. കാര്യക്ഷമമായ ഒരു സെൻസർ ബോർഡുണ്ടായിരുന്നുവെങ്കിൽ മദ്യവും പുകയിലയും ആഘോഷമായി ചിത്രീ കരിക്കുന്നതു തടയുമായിരുന്നു.

ഇത്തരം ദ്രോഹങ്ങൾക്ക് തടയിടാൻ കേന്ദ്ര ആരോഗ്യവകുപ്പ് പല നടപടിക ളുമെടുത്തുവരുന്നു. അടുത്ത പദ്ധതി കാലത്തെ പുകയില നിയന്ത്രണ പരി പാടികൾക്കായി 450 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. പണിസ്ഥലത്ത് പുകവലി തടഞ്ഞിട്ടുണ്ട്. ഒരു പുകയില നിയ ന്ത്രണ അഥോറിട്ടിയേയും നിയ മിച്ചുകഴിഞ്ഞു.

ഞാനെന്റെ കടമ നിർവ്വഹിക്കുക മാത്രമാണ് ചെയ്യുന്നത്. ആളെക്കൊ ല്ലികൾക്ക് ഇരയായേക്കാവുന്ന നിർദോ ഷികളായ ലക്ഷോപലക്ഷം യുവതീ യുവാക്കളെ രക്ഷിക്കാനാണിതെല്ലാം. വ്യവസായികൾ നടത്തുന്ന ദുഷ്പ്രചര ണങ്ങളുടേയും അവർക്കുവേണ്ടി എഴു തിവിടുന്ന ലേഖനങ്ങളുടേയും മുന്നിൽ തലകുനിക്കാൻ ഞാൻ തയ്യാറല്ല. ജന ങ്ങൾക്കിടയിൽ ബോധവൽക്കരണം നട ത്തുന്ന കാര്യത്തിൽ മാധ്യമങ്ങൾക്കും സുപ്രധാനമായൊരു പങ്കുവഹിക്കാനു ണ്ട്. ഇത്തരം കാര്യങ്ങൾ ഉന്നയിക്കേ ണ്ടത് ആരോഗ്യമന്ത്രിയല്ലെങ്കിൽ, പിന്നെ ആരാണ് ചെയ്യേണ്ടത്?

(ഡോ. അമ്പുമണി രാമദാസ് കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമകാര്യ മന്ത്രിയാ ണ്. മേയ് 11 ലെ ഹിന്ദുവിൽ പ്രസിദ്ധീ കരിച്ച ലേഖനത്തിന്റെ സംഗ്രഹമാണി വിടെ ചേർക്കുന്നത്.) ❑

## ബംഗാൾ പഞ്ചായത്ത് തിരഞ്ഞെടുപ്പുഫലം

2008 മേയിൽ ബംഗാളിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഭരണകക്ഷി യായ ഇടതുമുന്നണിക്ക് ക്ഷീണം പറ്റി.

2003 ൽ 2311 ഗ്രാമപഞ്ചായത്തുകളിൽ ജയിച്ചിരുന്ന ഇടതുമുന്നണിക്ക് 2008ൽ 1625 പഞ്ചായത്തിലേ ജയിക്കാനായുള്ളൂ.

2003ൽ ആകെയുള്ള പഞ്ചായത്തുകളിൽ 71 ശതമാനവും ഇടതുമുന്നണി നേടി യിരുന്നുവെങ്കിൽ ഇത്തവണ അത് 50.47 ശതമാനമായി കുറഞ്ഞു.

ബ്ലോക്ക് പഞ്ചായത്തുകളിലും ഇടതുമുന്നണിക്ക് ക്ഷീണമാണനുഭവപ്പെട്ടത്. 2003 ൽ 280 പഞ്ചായത്തിൽ ജയിച്ചിരുന്ന ഇടതുമുന്നണിക്ക് ഇത്തവണ 190 പഞ്ചാ യത്തിലേ ജയിക്കാനായുള്ളൂ. 2003 ൽ ബ്ലോക്ക് പഞ്ചായത്തുകളിൽ 85 ശതമാന ത്തിലും അധികാരത്തിൽവന്ന ഇടതുമുന്നണിക്ക് ഇത്തവണ 57 ശതമാനത്തിലേ അധികാരം നിലനിർത്താനായുള്ളൂ.

ആകെയുള്ള 17 ജില്ലാപഞ്ചായത്തിൽ 15 എണ്ണത്തിലും ഇടതുമുന്നണി ഭരണ മായിരുന്നു. ഇത്തവണ അത് 13 ജില്ലാപഞ്ചായത്തായി കുറഞ്ഞു. ❑

# ഛത്തീസ് ഗഡിൽ പോലീസ് ഒരുമ്പെട്ടാൽ ബ്രഹ്മനും തടുക്കില്ല

**- ശോഭിത നൈത്താനി -**

**2**004 ഏപ്രിൽ

മനുഷ്യാവകാശ പ്രവർത്തകനും ഛത്തീസ് ഗഡിലെ പൗര സ്വാതന്ത്ര്യ യൂണിയൻ (PUCL) ജനറൽ സെക്രട്ടറിയുമായ ഡോ. വിനായക് സെൻ സാമൂഹ്യ ശാസ്ത്ര പ്രൊഫസറായ നന്ദിനി സുന്ദർ, ഫ്രീലാൻസ് ജർണലിസ്റ്റും ഡോക്യൂമെന്ററി ഫിലിം നിർമ്മാതാവുമായ അജയ് തച്ചപ്പളി ഗംഗാധരൻ (അജയ് ടി.ജി.) എന്നിവരും നാട്ടുകാരനായ ഒരാളും ഛത്തീസ്ഗഡിലെ ഗോത്രവർഗ്ഗ ജില്ലയായ ബസ്കാറിൽ എത്തുന്നു. അവിടെ നടന്നുകൊണ്ടിരിക്കുന്ന ലോകസഭാ തിരഞ്ഞെടുപ്പ് നിരീക്ഷിക്കാനെത്തിയവരായിരുന്നു ഇവർ. കാരണമുണ്ട്. തിരഞ്ഞെടുപ്പു നടത്താൻ അനുവദിക്കില്ലെന്ന് മാവോയിസ്റ്റുകൾ പ്രഖ്യാപിച്ചിരുന്നു. ഈ നിരോധനത്തിന്റെ പ്രത്യാഘാതം നേരിട്ടുകണ്ടു മനസ്സിലാക്കാനാണിവർ എത്തിയിരുന്നത്.



അജയനും ദൃക്സാക്ഷിയിൽ പഠിക്കുന്ന കുട്ടികളും

അവിടെ സർവ്വത്ര പട്ടാളക്കാരുണ്ടാ

യിരുന്നു. ആകാശത്ത് ഹെലികോപ്ടറുകൾ ചുറ്റിക്കറങ്ങുന്നുണ്ടായിരുന്നു; സെൻട്രൽ റിസർവ്വ് പോലീസിലെ അംഗങ്ങൾ നാട്ടിലാകെ റോന്തുചുറ്റുന്നുണ്ടായിരുന്നു. പക്ഷെ പല പോളിങ് ബൂത്തുകളും ശൂന്യമായിരുന്നു. മനുഷ്യാവകാശ പ്രവർത്തകരടങ്ങിയ നിരീക്ഷണ സംഘം ശൂന്യമായികിടക്കുന്ന ഒരു പോളിങ് ബൂത്തിന്റെ ചിത്രമെടുക്കാൻ ശ്രമിക്കുന്നതിന്നിടയിൽ ഒരു സംഘം മാവോയിസ്റ്റുകൾ അവരെ തടഞ്ഞു. നാട്ടുമൂപ്പന്റെ അനുവാദം കൂടാതെ ചിത്രമെടുക്കാൻ പാടില്ലെന്ന് അവർ ശഠിച്ചു. കുറെ നേരം കാത്തുനിന്നിട്ടും മൂപ്പൻ വന്നില്ല. ക്യാമറ അവിടെ വച്ച് പൊയ്ക്കൊള്ളാൻ മാവോയിസ്റ്റുകൾ പറഞ്ഞു. അന്വേഷണസംഘത്തിന്ന് ഗത്യന്തരമില്ലായിരുന്നു. അവർ ക്യാമറ അവിടെ ഏല്പിച്ചു മടങ്ങി.

ബസ്കാറിൽ നിന്ന് തിരിച്ചെത്തിയ ശേഷം അജയ് ടി.ജി. മാവോയിസിറ്റുകളുടെ വക്താവിന്ന് ഈ സംഭവത്തെപ്പറ്റി ഒരു കുറിപ്പ് അയച്ചു. തന്റെ ക്യാമറ തിരിച്ചു തരികയോ അല്ലെങ്കിൽ നഷ്ടപരിഹാരം നൽകുകയോ വേണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരുന്നത്. ഏതാണ്ടൊരുമാസം കഴിഞ്ഞപ്പോൾ അജയന്ന് ക്യാമറ തിരിച്ചുകിട്ടി. ഈ അനിഷ്ട സംഭവത്തിന്ന് ക്ഷമാപണം നടത്തിക്കൊണ്ടും ക്യാമറക്കെന്തെങ്കിലും കേടുവന്നിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരം നൽകാമെന്ന് ഏറ്റുകൊണ്ടുമുള്ള ഒരു കുറിപ്പും അതോടൊപ്പം ഉണ്ടായിരുന്നു.

ഇതെല്ലാം കഴിഞ്ഞിട്ട് കൊല്ലം നാലായി. ഇക്കഴിഞ്ഞ മേയ് അഞ്ചാം തിയ്യതി ഛത്തീസ്ഗഢ് പോലീസ് അജയനെ അറസ്റ്റ് ചെയ്തു. നിരോധിക്കപ്പെട്ട നക്ഷൽ സംഘടനയുമായി ബന്ധപ്പെട്ട ആൾ എന്നു പറഞ്ഞാണ് അജയനെ അറസ്റ്റ് ചെയ്തിരിക്കുന്നത്.

കഴിഞ്ഞ ജനുവരി 21 ന്ന് പോലീസിന്റെ നക്ഷൽ വേട്ടക്കിടയിൽ, മാവോയിസ്റ്റ് വക്താവായ ഗുഡ്സ ഹുസേന്ദിയുടെ ഭാര്യയായ മാലതിയുടെ വീട്ടിൽ ഒരു പരിശോധന നടത്തിയിരുന്നു. അജയ് 2004 ൽ മാവോയിസ്റ്റ് വക്താവിന്നയച്ചിരുന്ന കത്ത് പോലീസ് അവിടെ കണ്ടെത്തി. അതിന്റെ അടിസ്ഥാനത്തിലാണ് അജയനെ ഇപ്പോൾ അറസ്റ്റ് ചെയ്തിരിക്കുന്നത്. അജയന്റെ കത്തിൽ "ഞാൻ നിങ്ങൾക്ക് തന്ന ക്യാമറ" എന്ന പ്രയോഗത്തിൽനിന്ന് അജയനും മാവോയിസ്റ്റുകളും തമ്മിൽ കൂട്ടുകെട്ടുള്ളതായി സിദ്ധിക്കുന്നുവെന്നാണ് പോലീസ് ഡയറക്ടർ ജനറൽ വിശ്വരഞ്ചൻ പറയുന്നത്. ഛത്തീസ്ഗഢിലെ പൊതുരക്ഷാനിയമപ്രകാരം നിരോധിത സംഘടനയുമായി യാതൊരുവിധ സമ്പർക്കവും പാടില്ല.

2005ലെ പൊതുരക്ഷാ നിയമപ്രകാരം അറസ്റ്റ്ചെയ്യപ്പെട്ട 43-ാമത്തെ ആളാണ് അജയൻ; പൗരസ്വാതന്ത്ര്യ യൂണിയനിൽനിന്ന് അറസ്റ്റ്ചെയ്യപ്പെടുന്ന രണ്ടാമത്തെ ആളുമാണിദ്ദേഹം - ഒന്നാമത്തെ ആൾ 2007 മേയ് 14ന്ന് അറസ്റ്റ് ചെയ്യപ്പെട്ട ഡോ. വിനായക്സെൻതന്നെ.

ഡോ വിനായകസെന്നിനെപ്പോലെത്തന്നെ സേവനരംഗത്ത് പ്രശസ്തനാണ് അജയനും. അജയന്റെ മാതാപിതാക്കൾ കേരളത്തിൽനിന്നും ഭിലായിയിൽ എത്തുന്നത് 1969 ൽ ആണ്. അന്ന് അജയന് നാലുവയസ്സേയുള്ളൂ. പത്താം ക്ലാസ് കഴിഞ്ഞതോടെ പഠിപ്പുനിർത്തിയ അജയ് 1993 വരെ ഭിലായ് വ്യവസായ മേഖലയിൽ പല പണികളിലേർപ്പെട്ടുകഴിഞ്ഞു. 1993ൽ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ

പ്രൊഫസർ ജൊനാതൻ പാരിയുമായി അദ്ദേഹം പരിചയപ്പെട്ടു. ഭിലായിയുടെ വ്യവസായവൽക്കരണത്തെക്കുറിച്ച് ഗവേഷണം നടത്താൻ എത്തിയ ജൊനാതൻ പാരിയുടെ സഹായിയായി അജയൻ പ്രവർത്തിച്ചു. ഇത് മറ്റു ബന്ധങ്ങൾക്കിടയാക്കി. അമേരിക്കയിലെ ന്യൂ ജഴ്സിയിലെ വില്യം പാറ്റേഴ്സ് യൂനിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ബാലമുരളി നടരാജന്റെ റിസർച്ച് അസിസ്റ്റന്റായി അജയൻ പ്രവർത്തിച്ചു.

1999 ൽ അജയൻ ഫിലിം ഡയറക്ടറായി രംഗത്തെത്തി. 'ഹതോരെ വാല'യായിരുന്നു അദ്ദേഹത്തിന്റെ ഒന്നാമത്തെ ഫിലിം. ഭിലായ് ഉരുക്കു നിർമ്മാണശാലയുടെ നിഴലിൽ പ്രവർത്തിക്കുന്ന എൺപതു വയസ്സുള്ള ഒരു കരുവാന്റെ (ഇരുമ്പുപണിക്കാരൻ) കഥയാണത്. 2006 നനകം അജയൻ 15 ഫിലിമുകൾ തയ്യാറാക്കി. ഇവയിൽ ചിലത് അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

2005 സെപ്തംമ്പറിൽ അജയൻ "ദൃക്സാക്ഷി" എന്നൊരു സംഘടന യുണ്ടാക്കി. ഭിലായിയിലെ ചേരിയിലെ പെൺകുട്ടികളെ പഠിപ്പിക്കാനുള്ളതായിരുന്നു ഈ സംഘടന. ഇടക്കു വച്ച് പഠിപ്പുനിർത്തേണ്ടിവന്നവരും സ്കൂളിനകത്ത് ഒരിക്കലും കാൽകുത്തിയിട്ടില്ലാത്തവരുമായ ഒട്ടേറെ പെൺകുട്ടികൾക്ക് ഈ സംഘടന ഒരു തണലാണ്. മുതിർന്ന കുട്ടികൾക്ക് ഫോട്ടോഗ്രാഫിയിലും വീഡിയോഗ്രാഫിയിലും പരിശീലനം നൽകാൻ ദൃക്സാക്ഷി ജനനി എന്ന പേരിൽ മറ്റൊരു സംഘടനയും സ്ഥാപിതമായിട്ടുണ്ട്.

ഛത്തീസ്ഗഡിൽ സർക്കാർ സംഘടിപ്പിച്ചിട്ടുള്ള ചോറ്റുപട്ടാളമായ സൽവ ജൂഡുമിന്റെ അതിക്രമങ്ങളെ എതിർക്കുന്നതിനുള്ള പ്രതികാരമാണ് അജയന്റെ അറസ്റ്റെന്ന് പി.യു.സി.എൽ. ദേശീയ ജനറൽ സെക്രട്ടറിയായ കവിത ശ്രീവാസ്തവ പറയുന്നു. ഡോ. വിനായകസെന്നിനെതിരായ കേസിൽനിന്ന് ലോകത്തിന്റെ ശ്രദ്ധ തിരിച്ചുവിടാൻ നടത്തുന്ന ഒരു വിദ്യയുമാണിത്. കഴിഞ്ഞ ഏപ്രിൽ 30 ന്ന് ഡോ. സെന്നിന്റെ കേസിന്റെ വിചാരണയുണ്ടായിരുന്നു. അന്ന് അജയൻ കോടതിയിലെത്തിയിരുന്നു. അജയന്റെ സഞ്ചിയിൽ ഒരു പേനക്കത്തിയുണ്ടായിരുന്നു. പോലീസ് അതു പിടിച്ചെടുത്തു. അജയൻ മാരകായുധങ്ങളുമായി കോടതിയിലെത്തിയെന്ന് വാർത്തവന്നു. പത്രങ്ങൾ അത് ഊതിവീർപ്പിച്ചു. കോടതിയിലെത്തിയ അജയന്റെയും അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന "ആധുനിക മാരകായുധത്തി"ന്റേയും ചിത്രങ്ങൾ പത്രങ്ങൾ പ്രസിദ്ധീകരിച്ചു.

ജനുവരിയിൽ പോലീസ് അജയന്റെ വീട് പരിശോധിക്കുകയും അജയന്റെ കമ്പ്യൂട്ടർ പിടിച്ചെടുക്കുകയും ചെയ്തിരുന്നു. ആ കമ്പ്യൂട്ടർ തിരിച്ചുകിട്ടാനുള്ള ഒരു ഹർജി സമർപ്പിക്കാനാണ് അജയൻ കോടതിയിൽ എത്തിയിരുന്നത്. മേയ് രണ്ടാംതിയ്യതി ഹർജി ഫയൽ ചെയ്തു. മേയ് 9 ന്ന് അതിന്റെ വിചാരണക്ക് നിശ്ചയിച്ചിരുന്നു. എന്നാൽ അതിന്നു മുമ്പുതന്നെ അജയനെ അറസ്റ്റ് ചെയ്തു.

ഛത്തീസ്ഗഡിലെ ചോറ്റുപട്ടാളം ചുരുങ്ങിയത് ആയിരം പേരെയെങ്കിലും നക്ഷലാണെന്ന് പറഞ്ഞ് കൊന്നുകളഞ്ഞിട്ടുണ്ട്. നക്ഷൽ ബന്ധം ആരോപിച്ച് നാലായിരത്തോളം വീടുകൾ തീ വച്ചു നശിപ്പിച്ചിട്ടുണ്ട്. ഈ വക അതിക്രമങ്ങൾ തുറന്നു കാണിക്കുന്നതാണ് അജയനെ അറസ്റ്റ് ചെയ്യാനിടയാക്കിയത്. സാധാരണക്കാരെ ഭയപ്പെടുത്തി ഒതുക്കുക എന്നതും ഈ അറസ്റ്റിന്റെ ഉദ്ദേശമായിരിക്കണം. ❑

# നക്ഷൽ നാട്ടിലൂടെ നടത്തിയ യാത്ര

**- സുദീപ് ചക്രവർത്തി -**

**ഞ**ങ്ങൾ ശാന്തി നികേതനിലേക്ക് പോകുകയായിരുന്നു. എന്റെ ഭാര്യയുടെ മാതാപിതാക്കൾ അവിടെയുണ്ട്. അവരെ കാണണം. എന്റെ ഭാര്യയുടെ അഛൻ പഴയൊരു വിപ്ലവകാരിയാണ്. പിന്നീടദ്ദേഹം വൻകിട കമ്പനികളുടേതായ ലോകത്തിലേക്ക് വഴുതിപ്പോയി; പിന്നീടദ്ദേഹം എയ്റോനോട്ടിക്കൽ എഞ്ചിനീയറിങ്ങിലെത്തി. അദ്ദേഹത്തിന്റെ പൂർവ്വകാല കഥകളെപ്പറ്റി സംസാരിക്കാനായിരുന്ന ഞങ്ങളുടെ യാത്ര.

അറ്റം കാണാത്ത നെൽവയലുകൾക്കിടയിലൂടെയായിരുന്നു ഞങ്ങളുടെ യാത്ര. കാറിന്റെ വേഗതയനുസരിച്ച് സ്ഥലപേരുകളങ്ങനെ മിന്നിമറയുന്നു. നെൽപാടങ്ങൾക്കെല്ലാം അകമ്പടിയായി ഇഷ്ടിക ചൂളകളുണ്ട്. ഗംഗാ സമതലത്തിന്റെ കിഴക്കേ അറ്റമായ ഈ പ്രദേശം ഇഷ്ടിക ചൂളകൾക്ക് പ്രസിദ്ധമാണ്. ഇവിടുത്തെ മണ്ണ് സമ്പുഷ്ടമാണ്. ആയിരമായിരം വർഷങ്ങളായി മനുഷ്യന് ഭക്ഷണവും പാർപ്പിടവും പ്രദാനം ചെയ്യുന്ന ഭൂമി. കൽക്കത്ത വളരുന്നത് ഈ ചൂളകളിലൂടെയാണ്. ഇഷ്ടികയിഷ്ടികയായി അതു വളരുന്നു. ഈ പ്രദേശവും ഇതുപോലെ കൽക്കത്തക്കുചുറ്റുമുള്ള പ്രദേശങ്ങളും കൽക്കത്തയെ ഒരു അന്താരാഷ്ട്ര നഗരമായി വളർത്തുന്നു.

ഏറ്റവും വലിയ ചൂഷണത്തിന്റെ പ്രതീകം കൂടിയാണ് ഇഷ്ടിക ചൂളകൾ. പരമ ദരിദ്രരായ ഗോത്രവർഗ്ഗക്കാരുടെ അധ്വാനത്തിൽ കെട്ടിപ്പൊക്കുന്ന ലാഭമാണത്. ഗോത്രവർഗ്ഗക്കാരായ യുവതീയുവാക്കളെ ദല്ലാൾമാർ ട്രക്കുകളിൽ കയറ്റി എത്തിച്ചുകൊടുക്കുന്നു. ദല്ലാൾമാരിൽ ചിലർ പഴയപണിക്കാരായ ഗോത്രവർഗ്ഗക്കാർ തന്നെയാണ്. ഇഷ്ടികചൂളകളിൽ ഈ ഗോത്രവർഗ്ഗക്കാർ അടിമത്തൊഴിലാളികളായിത്തീരുന്നു. കാട്ടിൽ അവർക്കെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. വനഭൂമിയിൽ അവർക്കുണ്ടായിരുന്ന അവകാശമെല്ലാം ഗവർമ്മേണ്ട് നിയമനിർമ്മാണത്തിലൂടെ തട്ടിപ്പറിച്ചു. എല്ലാം റവന്യു ഭൂമിയാക്കി മാറ്റി. ബാക്കിയുള്ളതെല്ലാം കയ്യൂക്കുള്ളവർ കയ്യേറി കൈവശമാക്കി. വ്യാപാരികൾ, ബിസിനസ്സുകാർ, ജന്മിമാർ, ഹുണ്ടികക്കാർ എന്നിരെല്ലാം വനഭൂമി കയ്യടക്കിയിട്ടുണ്ട്.

ദല്ലാൾമാർക്ക് അവിവാഹിതകളായ ചെറുപ്പക്കാരികളോടാണ് പ്രിയം. അവർ നന്നായി പണിയെടുക്കും അവരെ വിൽക്കാനും പറ്റും . എന്നാണ് സാഹിത്യകാരിയും സാമൂഹ്യപ്രവർത്തകയുമായ മഹാശ്വേതാദേവി "റോഡിലെ പൊടി" എന്ന തന്റെ കൃതിയിൽ പറയുന്നത്. ചൂളകളുടെ ഉടമകൾ, സൂപ്രേണ്ടുമാർ, ട്രക്ക് ഡ്രൈവർമാർ എന്നിവരുടെയെല്ലാം കൂടെകിടക്കാൽ അവർ നിർബന്ധിതരാകുന്നതായി മഹാശ്വേതാദേവി പറയുന്നു. രാഷ്ട്രീയമായി ഉദ്ബുദ്ധമെന്നു പറയുന്ന ബംഗാളിൽ ഈ പാവങ്ങൾക്ക് മിനിമം വേതനം നിഷേധിക്കുന്നു; ചികിത്സാ സൗകര്യമൊന്നുമില്ല; പ്രസവാവധിയെന്നല്ല ഒരു തരം അവധിയുമില്ല; യൂണിയനുണ്ടാക്കാനും അവകാശമില്ല. തൊഴിലാളികൾക്ക് ഹാജർ പുസ്തകമില്ല; ശമ്പള രജിസ്റ്ററില്ല; ഐഡന്റിറ്റി കാർഡില്ല; തൊഴിൽ കാർഡുമില്ല. പന്നിക്കൂടുകളേ

ക്കാൾ ദയനീയമായ കൂടുകളിലാണിവർ താമസിക്കുന്നത്. യാതൊരു ശുചീകരണ സൗകര്യവുമില്ല. അറ്റവേനലിൽ പൊള്ളുന്ന വെയിലത്ത് പണിയെടുക്കുന്നിടത്ത് കുടിക്കാൻ വെള്ളംപോലുമില്ല. കാലവർഷം ആരംഭിക്കുന്നതോടെ ചൂളകൾ പൂട്ടും; ഈ പാവങ്ങളെയെല്ലാം നാട്ടിലേക്കുതന്നെ വിടും. എന്നാണ് മഹാശ്വേതാദേവി എഴുതുന്നത്.

മഹാശ്വേതാദേവി ഇതെഴുതിയത് 1981 ലാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുമുന്നണി അധികാരത്തിൽ വന്നിട്ട് അപ്പോൾ നാലു കൊല്ലമേ ആയിരുന്നുള്ളൂ. എന്നാൽ 2006 ൽ പോലും ബംഗാളിൽ അടിമവേലയേയില്ലെന്ന ശാഠ്യത്തിലാണ് ഗവർമ്മേണ്ട് ഉറച്ചുനിൽക്കുന്നത്.

ഈ നിഷേധി സ്വഭാവം ഇപ്പോഴും തുടരുന്നു. ബംഗാളിൽ മാവോയിസ്റ്റ് പ്രശ്നമേ ഇല്ലെന്നാണവർ പറയുന്നത്. മാവോയിസ്റ്റുകൾ മാർക്സിസ്റ്റുകാരെ ഇഷ്ടംപോലെ പിടികൂടി കൊന്നുകളയുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ, അതൊക്കെ അതിർത്തിക്കടുത്തുകിടക്കുന്ന ബീഹാറിലേയും ഝാർഖണ്ഡിലേയും ഒറീസയിലേയും തീവ്രവാദികൾ പറ്റിക്കുന്ന പണിയാണെന്നാണ് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാർജി പറഞ്ഞത്.

ബംഗാൾ സായുധ പോലീസിന്റെ ഡയറക്ടർ ജനറലും നക്ഷൽ വേട്ടക്കാരൻ എന്നതിൽ അഭിമാനംകൊള്ളുന്ന ആളുമായ ആർ.കെ. മജൂംദാർ പറയുന്നത് മുഖ്യമന്ത്രിയുടെ അവകാശവാദത്തിൽ വലിയ തെറ്റില്ലെന്നാണ്. മാവോയിസ്റ്റ് ശല്യമെന്നത് പത്തായിട്ടെടുക്കാമെങ്കിൽ, ബംഗാളിൽ രണ്ടു മാവോയിസ്റ്റുകളുണ്ടാകും എന്ന് അദ്ദേഹം പറഞ്ഞു. ഛത്തീസ്ഗഢ്, ഝാർഖഡ്, ആന്ധ്ര എന്നിവിടങ്ങളിലാണെങ്കിൽ അത് പത്തിനടുത്തുവരുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

"ഞങ്ങൾക്ക് കാര്യമായൊരു പ്രശ്നവുമില്ല. ശരാശരി കണക്കു പറഞ്ഞാൽ മാസത്തിൽ രണ്ടോ മൂന്നോ ഉണ്ടാകും" എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ പുരികം ചുളിച്ചത് കണ്ടപ്പോൾ അദ്ദേഹം നിർത്തി. ഗോത്രവർഗ്ഗക്കാർ തിരിച്ചടിക്കുകയാണ് അല്ലേ? പശ്ചിമ ബംഗാളിൽ സായുധരായ എത്ര മാവോയിസ്റ്റുകളുണ്ടാകും? എന്നു ഞാൻ ചോദിച്ചു. ബംഗാളിലെ മാവോയിസ്റ്റുകളുടെ കാതൽ ഭാഗത്ത് 200 ലധികം പേരുണ്ടാവില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പക്ഷെ അവരിലാരെങ്കിലും ഒരാൾ ഒരു ഗ്രാമത്തിൽ ചെന്നാൽ ജനങ്ങൾ മുഴുവനും അവരുടെ കൂടെയാകും എന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

മാവോയിസ്റ്റുകളുടെ കാതൽ ഭാഗം 200 ആണെന്ന് താങ്കൾ പറയുന്നു. ഈ 200 പേർക്ക് ബംഗാളിലെ മൂന്നു ജില്ലകളെ നിയന്ത്രിക്കാനാകുമോ എന്നു ഞാൻ ചോദിച്ചു. എണ്ണമല്ല കാര്യമെന്ന് മജുംദാർ സമ്മതിച്ചു.

മാവോയിസ്റ്റുകളുടെ എണ്ണം കുറവാണെന്നു പറയുന്ന ശീലം മറ്റു സംസ്ഥാനങ്ങളിലെ പോലീസ് മേധാവിമാർക്കിടയിലുമുണ്ട്. വെറും 19 തീവ്രവാദികളാണ് അമേരിക്കയിലെ വ്യാപാരഗോപുരങ്ങളും ദേശരക്ഷാവകുപ്പും തകർത്തത്; അറ്റമില്ലാത്തൊരു ഭീകരവിരുദ്ധ യുദ്ധത്തിന്നു തുടക്കം കുറിച്ചതും അവരാണ്. അപ്പോൾ എണ്ണമല്ല കാര്യം; ഉദ്ദിഷ്ടകാര്യ സാധ്യത്തിന്നുള്ള നിശ്ചയദാർഢ്യമാണ് പ്രശ്നം.

(സുദീപ് ചക്രവർത്തിയുടെ "ചുവന്ന സൂര്യൻ: നക്ഷൽ നാട്ടിലൂടെയുള്ള യാത്രകൾ" എന്ന കൃതിയിൽ നിന്നുള്ള ഒരു ഭാഗം.)

# അഴിമതിയുടെ സർവ്വസാധാരണമായ ഒരു മുഖം

**– രഞ്ചൻ കെ. പണ്ഡ –**

ഒറീസയിലെ സാംബൽപൂർ ജില്ലയിലെ വീരസിംഹഗഡ് ഗ്രാമത്തിൽ വിജയചന്ദ്ര പണ്ഡക്ക് എട്ട് ഹെക്ടർ ഭൂമിയുണ്ട്. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന്ന് പണം ആവശ്യമായി വന്നപ്പോൾ ആ ഭൂമിയിലെ മരങ്ങളിൽ ചിലത് മുറിച്ചുവിൽക്കാമന്നു കരുതി. അതുണ്ടാക്കിയ പുലിവാലിന്റെ കഥയാണിത്.

പണ്ഡയുടെ മൂലകുടുംബം ഹിരാക്കുഡിലായിരുന്നു. 1950കളിൽ ഹിരാഗുഡിൽ അണക്കെട്ടു നിർമ്മിച്ചപ്പോൾ തറവാട്ടുവക ഭൂമിയെല്ലാം നഷ്ടപ്പെട്ടു. അന്നു കിട്ടിയ നഷ്ടപരിഹാരത്തുക കൊണ്ട് വാങ്ങിയ ഭൂമിയിൽ വിജയചന്ദ്രപണ്ഡക്ക് ഓഹരിയായി ലഭിച്ചതാണ് ഈ എട്ട് ഹെക്ടർ.

കുട്ടികളുടെ വിദ്യാഭ്യാസത്തിന്ന് പണം അടിയന്തിരമായി ആവശ്യമായി വന്നു. അതിന്നും പുറമെ വിശാലമായ പറമ്പിലെ കാട് വെട്ടിത്തെളിയിച്ച് നാണ്യവിളകൃഷിയാരംഭിക്കാനും പണ്ഡക്ക് പ്ലാനുണ്ടായിരുന്നു. ഒരു നാടൻ കർഷകനൊന്നുമായിരുന്നില്ല പണ്ഡ. രാഷ്ട്രീയമായി ഉദ്ബുദ്ധമായ ഒരു കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. കമ്യൂണിസ്റ്റ് നേതാവായിരുന്ന പ്രസന്ന പണ്ഡയുടെ കുടുംബത്തിൽ പെട്ടതാണ് അദ്ദേഹം.

1980 ലെ ഒറീസാ വനം നിയമപ്രകാരം, മരങ്ങൾ മുറിക്കുന്നതിന്ന് മുമ്പ് അതിന്ന് അനുമതി വാങ്ങിയിരിക്കണം. സ്വന്തം ഭൂമിയിൽ നിൽക്കുന്ന മരം മുറിക്കാൻ അനുമതി കിട്ടുന്നതിന്ന് പ്രശ്നമെന്തെങ്കിലും ഉണ്ടാകുമെന്ന് അദ്ദേഹം കരുതിയില്ല. അതുകൊണ്ട് നിയമാനുസൃതം മരം മുറിക്കാൻ അദ്ദേഹം 2005 ഡിസംബർ 23ന്ന് അപേക്ഷ സമർപ്പിച്ചു.

പക്ഷെ സാംബൽപൂർ ജില്ലാ വനം ഓഫീസർ അപേക്ഷ സ്വീകരിക്കാൻ വൈമുഖ്യമാണ് കാണിച്ചത്. മരം മുറിക്കാതെ പറ്റില്ലെന്ന് പണ്ഡ പറഞ്ഞപ്പോൾ, മരം കച്ചവടക്കാർക്ക് നേരിട്ടുകൊടുത്താൽ മതിയെന്നും, അവർ അനുമതിയില്ലാതെത്തന്നെ മരം മുറിച്ചുകൊണ്ടുപോയിക്കൊള്ളുമെന്നും ഡി.എഫ്.ഒ. ഉപദേശിച്ചു. പണ്ഡ അതിന്നു വിസമ്മതിച്ചു.

മരം മുറിക്കാൻ അനുമതി ലഭിക്കാനായി ഡി.എഫ്.ഒ. യുടെ ഓഫീസിലേത്ത് അനേകം തവണ നടന്നിട്ടും ഫലമില്ലെന്നു വന്നപ്പോൾ പണ്ഡ വിവരാവകാശനിയമപ്രകാരം അപേക്ഷ നൽകി. എന്നിട്ടും ഫലമില്ലെന്നു വന്നപ്പോൾ വനം കൺസർവേറ്റർക്കും കലക്ടർക്കുമെല്ലാം പരാതി സമർപ്പിച്ചു. ഓരോ അപേക്ഷയുടെ പിന്നാലേയും വിവരാവകാശ നിയമപ്രകാരം വേറെ ഹർജി നൽകേണ്ടിവരാറുണ്ട്.

ഒരു ദിവസം ഡി.എഫ്.ഒ. യിൽനിന്ന് പണ്ഡക്ക് ഒരു കത്തുകിട്ടി. ഒറീസാ സ്വകാര്യവനം നിയമപ്രകാരം സ്വകാര്യ ഭൂമിയിലെ മരം മുറിക്കാൻ പാടില്ലെന്നായിരുന്നു അതിലെ കല്പന. തനിതട്ടിപ്പായിരുന്നു അത്. കാരണം ഇരുപതു കൊല്ലം മുമ്പുതന്നെ റദ്ദാക്കിയ ഒരു നിയമമാണിത്. അതു ചൂണ്ടിക്കാണിച്ചപ്പോൾ ഡി.എഫ്.ഒ. പുതിയ തർക്കം എടുത്തിട്ടു. ഭൂമിയിൽ പണ്ഡേക്ക് അവകാശമുള്ളതായി സ്ഥാപിക്കണമെന്ന് പറഞ്ഞു; ഭൂമിയുടെ വിനിയോഗ നിയമപ്രകാരം തടസ്സം ഉന്നയിച്ചു.

പണ്ഡെ മുഖ്യമന്ത്രിക്കുതന്നെ പരാതി സമർപ്പിച്ചു നോക്കി. മുഖ്യ

➡

# ഒറീസയിലെ നന്ദിഗ്രാം ഉപരോധാവസ്ഥയിൽ

**- മഞ്ജു മേനോൻ -**

സുന്ദരഭാരതം എന്നൊരാൾ പറയുമ്പോൾ, ചക്രവാളംവരെ പരന്നുകിടക്കുന്ന നെൽപാടങ്ങളെയാണ് ഒരാൾ വിഭാവനം ചെയ്യുക. ഒറീസയുടെ തീരദേശത്തിന്നടുത്തു കിടക്കുന്ന ധിൻക്യ ഗ്രാമം അത്തരമൊരു പ്രദേശമാണ്. തഴച്ചുവളരുന്ന ഒരു കാർഷിക സമ്പദ്‌വ്യവസ്ഥയും അധ്വാനശീലരായ ജനതയും ഈ ഗ്രാമത്തിന്ന് മനോഹാരിത കൂട്ടുന്നു. എന്നാൽ 2005 മുതൽ അവിടുത്തെ ജനങ്ങൾ സംഭ്രാന്തിയിൽ കഴിയുകയാണ്. കാരണം, കൊറിയൻ കമ്പനിയായ പോസ്ക്കോവുമായി ഗവർമ്മേണ്ട് ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിരിക്കുന്നു. ഇതനുസരിച്ച് ഈ നെൽപടം മുഴുവനും ഒരു ഉരുക്കുനിർമ്മാണശാല സ്ഥാപിക്കാനായി പോസ്ക്കോവിന്ന് നൽകാമെന്ന് ഗവർമ്മേണ്ട് ഏറ്റിട്ടുണ്ട്. അങ്ങനെ ഗ്രാമീണർ തങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിന്നുള്ള ഒരു സമരത്തിലേക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്നു.



അഭയസാഹു

ഗ്രാമത്തിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളെല്ലാം ഗ്രാമീണർ അടച്ചുറപ്പാക്കിയിട്ടുണ്ട്. ഒരു ഉദ്യോഗസ്ഥനേയും ഗ്രാമത്തിൽ കടത്തുന്നില്ല. കെട്ടിയുറപ്പിച്ച പ്രതിരോധ നിരയിലൂടെ ഞങ്ങൾ അകത്തുകടന്നു. പോസ്ക്കോ കമ്പനിയുടെ ഭൂപടമനുസരിച്ച് ഞങ്ങൾ നിൽക്കുന്നത് ഉരുക്കു നിർമ്മാണശാലയുടെ സംഭരണകേന്ദ്രമാകാൻ പോകുന്ന സ്ഥലത്താണ്. അവിടെ ചെറിയൊരു ക്ഷേത്രമാണ്. അവിടം ഇപ്പോൾ സമരകേന്ദ്രമായി മാറിയിരിക്കുന്നു. അഭയസാഹു എന്ന കമ്യൂണിസ്റ്റ് നേതാവാണ് സമരത്തിന്ന് നേതൃത്വം നൽകുന്നത്. മൂന്നു കൊല്ലമായി അദ്ദേഹം അവിടെ സ്ഥിരതാമസമാണ്.

കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറിയറ്റിലെ അംഗമാണ് സാഹു. ധിൻക്യ ഗ്രാമത്തിലും തൊട്ടടുത്ത പാടന ഗ്രാമത്തിലും ജനങ്ങൾ ഒറ്റക്കെട്ടായി പ്രതിരോധ

---

മന്ത്രി ഒരന്വേഷണത്തിന്ന് കല്പന നൽകിയെങ്കിലും മേൽ നടപടിയൊന്നുമുണ്ടായില്ല. സകല വാതിലും അടഞ്ഞപ്പോൾ പണ്ഡെ ഒറീസാ ലോക്പാലിന്ന് പരാതി സമർപ്പിച്ചു. ലോക്പാൽ ആകട്ടെ, പണ്ഡേക്ക് അനുകൂലമായി കല്പന പുറപ്പെടുവിച്ചു.

എന്നിട്ടും ഡി.എഫ്.ഒ. ഇടങ്കോലിട്ടു. മുറിച്ച മരം വനം വികസന കോർപ്പറേഷന്ന് നൽകാമെങ്കിൽ പെർമിറ്റ് തരാമെന്നായി ഡി.എഫ്.ഒ. സമരം ചെയ്ത് ക്ഷീണിച്ച പണ്ഡെ അതിന്നു സമ്മതിച്ചു. അതിന്നകം തന്നെ പണത്തിന്നുള്ള ഞെരുക്കംകൊണ്ട് പണ്ഡെ തന്റെ ഭൂമിയിൽ പകുതി വിറ്റു കഴിഞ്ഞിരുന്നു.

പ്രശ്നം ഇനിയും തീർന്നിട്ടില്ല. ഡി.എഫ്.ഒ. സോപാധികം നൽകിയ പെർമിറ്റനുസരിച്ച് പണ്ഡെ തന്റെ ഭൂമിയിലെ മരം പുറത്തു കടത്തണമെങ്കിൽ അതിന്ന് വേറെ പെർമിറ്റ് വേണം. മുറിച്ചിട്ട ഏഴു ലക്ഷം രൂപ വിലവരുന്ന തടികൾ മൂന്നുമാസമായിട്ടും പറമ്പിൽ തന്നെ കിടപ്പാണ്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-6-2008

സമരത്തിൽ ഏർപ്പെട്ടിരിക്കുന്നു. ജൂൺ ആദ്യത്തിൽ പോലീസ് ഒരു കയ്യേറ്റശ്രമം നടത്തിയപ്പോൾ സാഹുവിന്റെ നേതൃത്വത്തിൽ 3000 ജനങ്ങളാണ് അവരെ നേരിട്ടത്. തന്മൂലം പോലീസ് പിന്മാറി.

ഈ ഗ്രാമങ്ങൾക്കപ്പുറത്തുള്ള ഗഡകുഞ്ജംഗ് ഗ്രാമത്തിലും നോഗവോൺ ഗ്രാമത്തിലും പോലീസ് ഗുണ്ടകളുടെ സഹായത്തോടെ കയ്യേറ്റം നടത്തിക്കഴിഞ്ഞു. അതിനാൽ ധിൻക്യയിലേയും പാടനയിലേയും ജനങ്ങൾ രാപ്പകൽ കാവലിരിപ്പാണ്.

ഒരു ആൽമരത്തിന്റെ ചുവട്ടിലിരുന്നുകൊണ്ട് സാഹു സ്ഥിതികൾ വിശദീകരിച്ചു. പോസ്ക്കോവിന്ന് 4004 ഏക്കർ ഭൂമിയാണാവശ്യം അതു മുഴുവനും കൃഷിഭൂമിയാണ്. ഒരു ഭാഗത്ത് വെറ്റിലത്തോട്ടങ്ങൾ; അപ്പുറത്ത് നെൽപാടങ്ങൾ, തെങ്ങിൻ തോപ്പുകൾ, കശുമാവിൻ തോപ്പുകൾ എല്ലാമുണ്ട്. എല്ലാം ഫലപുഷ്ടിയേറിയ ഭൂമികളാണ്. ഇക്കൊല്ലം വെറ്റില ഒരിലക്ക് 50 പൈസവരെ കിട്ടുന്നുണ്ട്. ധിൻക്യയിലേയും പാടനയിലേയും എല്ലാ വീട്ടിലുമുണ്ട് വെറ്റില കൃഷി. ചിലർക്ക് ഒരു തോട്ടമേയുള്ളൂവെങ്കിൽ മറ്റുചിലർക്ക് കൂടുതൽ തോട്ടങ്ങളുണ്ട്. ഓരോ തോട്ടത്തിലും അഞ്ചിലധികം പേർക്ക് ജോലിയുണ്ടാകും. ഏറ്റവുമധികം വേതനം കിട്ടുന്നതും ഈ പ്രദേശത്താണ്. ഉച്ചയൂണും 100ക. യുമാണ് കൂലി.

ധിൻക്യയിലും പാടനയിലുംകൂടി 200 ഏക്കറിൽ നെൽകൃഷി നടക്കുന്നു. ഒരു കർഷകന്റെ അധീനത്തിൽ പരമാവധി നാലേക്കർ ഉണ്ടാകും. ഇരുപ്പൂ കൃഷി നടക്കുന്ന, ഫലപുഷ്ടിയുള്ള നെൽപാടങ്ങൾ എന്തുകൊണ്ടാണ് വ്യവസായങ്ങൾക്ക് നൽകുന്നത്? ഗവർമ്മേണ്ട് അർത്ഥവത്തായ ഒരു ചർച്ചയ്ക്കും തയ്യാറാകുന്നില്ല. ഗവർമ്മേണ്ട് ഒന്നോ രണ്ടോ ധാരണാപത്രത്തിലല്ല, 45 ധാരണാപത്രങ്ങളിലാണ് ഒപ്പുവച്ചിരിക്കുന്നത്. ഇവർക്കെല്ലാം എവിടെനിന്ന് വെള്ളം കിട്ടും? പോസ്ക്കോവിന്നുതന്നെ 15000 കോടി ലിറ്റർ വെള്ളം വേണ്ടിവരും. മഹാനദിയിൽ ജോബ്രയിലുള്ള ചിറയിൽനിന്ന് വെള്ളം തരാമെന്നാണ് ഗവർമ്മേണ്ട് ഏറ്റിരിക്കുന്നത്. ഇതിന്ന് 87 കിലോമീറ്റർ നീളത്തിൽ പൈപ്പ്ലൈൻ ഇടണം. കട്ടാക്ക് ജില്ലയിലെ കുടിനീർ വിതരണത്തിന്നും ജലസേചനത്തിന്നുമായി നിർമ്മിച്ചിട്ടുള്ള ചിറയാണിത്.

ജോലിക്ക് കൂലി ഭക്ഷണം എന്ന പരിപാടി പ്രകാരം 1966–67ൽ നിർമ്മിച്ച താൽദണ്ഡ കനാൽവഴി 80,000 ഹെക്ടറിന്ന് ജലസേചനം നടത്തേണ്ടതാണ്. എന്നാൽ പല വ്യവസായ ശാലകൾക്കും വെള്ളം നൽകുന്നതിനാൽ വിരിപ്പൂ കൃഷിക്ക് 57,000 ഹെക്ടറിന്നും മുണ്ടകന്ന് 24,000 ഹെക്ടറിന്നും മാത്രമേ ഇപ്പോൾ വെള്ളം കിട്ടുന്നുള്ളൂ.

പോലീസും ഗുണ്ടകളുംകൂടി ധിൻക്യ, പാടന ഗ്രാമങ്ങളെ വളഞ്ഞിട്ടിരിക്കുകയാണ്. ഗതാഗതം തടയപ്പെട്ടിരിക്കുന്നു. അവശ്യവസ്തുക്കൾ കടത്തിവിടുന്നില്ല. ജനങ്ങളോട് അനുഭാവം കാണിച്ചു എന്ന കുറ്റ ത്തിന്ന് രണ്ടു സർക്കാർ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുമുണ്ട്. ഈ ജനകീയ സമരത്തിന്നു പിന്നിൽ നക്ഷലുകളാണെന്ന് സർക്കാർ ഒറിയ പത്രങ്ങൾ വഴി പ്രചരണം നടത്തുന്നുമുണ്ട്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.